# തുഞ്ചത്തെഴുത്തച്ഛൻ

| പുസ്തകം 11 | 1960 ആഗസ്റ്റ് | ലക്കം 4 |
| --- | --- | --- |

## പ്രാർത്ഥന

ഓങ്കാരമായപൊരുളാം മൂന്നായ്പ്പിരിഞ്ഞുടനെ
ആങ്കാരമായതിനു താൻതന്നെ സാക്ഷിയായു
ബോധംവരുത്തുവതിനാളായി നിന്നപര-
മാചാര്യരൂപ! ഹരിനാരായണായനമഃ

— * —

## ആചാര്യസൂക്തികൾ

### അവതാരോദ്ദേശ്യം

വിജ്ഞാനമൂർത്തി സർവ്വജ്ഞനനാകുലൻ
അജ്ഞാനിയായുള്ള മാനുഷനെപ്പോലെ
ദുഃഖസുഖാദികൾ കൈകൊണ്ടുവർത്തിച്ചു
ദുഷ്കൃതശാന്തി ലോകത്തിനുണ്ടാക്കുവാൻ
പങ്കജസംഭവനാദികൾക്കുണ്ടായ
സങ്കടംതീർത്തു രക്ഷിച്ചുകൊടുപ്പാനും
മാനുഷവേഷം ധരിച്ചുപരാപര-
നാനന്ദമൂർത്തി ജഗന്മയനീശ്വരൻ
നാനാജനങ്ങളും മായയാമോഹിച്ചു
മാനസമജ്ഞാന സംയുതമാകയാൽ
മോക്ഷംവരുത്തുന്നതെങ്ങനെ ഞാനെന്നു
സാക്ഷാൽമഹാവിഷ്ണു ചിന്തിച്ചുകല്പിച്ചു
സർവ്വജഗന്മയനാശിനീയാകിയ
ദിവ്യകഥയെ പ്രസിദ്ധയാക്കുയഥാ
രാമനായ് മാനുഷ വ്യാപാരജാതയാം
രാമായണാഭിധം മാനന്ദദായനീം
സൽക്കഥാമിപ്രപഞ്ചത്തിങ്കലൊക്കവേ
വിഖ്യാതയാക്കുവാനാനന്ദപൂരുഷൻ
ക്രോധവും മോഹവും കാമവും രാഗവും
ഖേദാദിയും വ്യവഹാരാർത്ഥസിദ്ധയേ
തത്തൽക്രിയാ കാലദേശോചിതം നിജ-
ചിത്തേ പരിഗ്രഹിച്ചീടിനാനീശ്വരൻ.

— * —

# സംസ്കാരവും ഭക്തിയും

കെ. രാഘവൻ തിരുമുല്പാട്, ചാലക്കുടി.

പ്രകൃതി, വികൃതി, സംസ്കൃതി എന്നിങ്ങനെ സംസ്കൃതത്തിൽ മൂന്നു് പദങ്ങളുണ്ടു്. പ്രകാരം, വികാരം, സംസ്കാരം എന്നിങ്ങനെ പറഞ്ഞാലും അർത്ഥഭേദമില്ല. പ്രകൃതി അല്ലെങ്കിൽ പ്രകാരം എന്നതിന്നു് സാമാന്യമായ സമ്പ്രദായം സ്വഭാവം എന്നൊക്കെയാണർത്ഥം. വാസനാസിദ്ധമാണെന്നു തന്നെ പറയാവുന്ന ആ സ്വഭാവമാണു് ഓരോരുത്തന്റേയും ഓരോന്നിന്റേയും അന്തസത്ത. പക്ഷിമൃഗാദികളും വൃക്ഷലതാദികളും മററും വളരുന്നതും പ്രവർത്തിക്കുന്നതും സാമാന്യമായി പ്രകൃതിക്കനുസരിച്ചാണു്. ഒരേ തരത്തിൽ ശ്രദ്ധിച്ചും ശുശ്രൂഷിച്ചും കൃഷിചെയ്താലും വെണ്ട വെണ്ടയും പടോലം പടോലവുമായിത്തന്നെ കാണപ്പെടുന്നതു് ഈ പ്രകൃതിയുടെ മാഹാത്മ്യമാകുന്നു. പ്രകൃതിയെ നിഗ്രഹിക്കുവാൻ സാദ്ധ്യമല്ല; പരിണമിപ്പിക്കുവാനേ കഴികയുള്ളു. "നിഗ്രഹഃ കിം കരിഷ്യതി, പ്രകൃതിസ്ത്വാം നിയോക്ഷ്യതി" മുതലായ ഗീതാദിവചനങ്ങൾ ഈ വസ്തുതയെയാണു് വ്യക്തമാക്കുന്നതു്.

പ്രകൃതി സാമാന്യമായി നന്നെന്നോ ചീത്തയാണെന്നോ പറയാവുന്നതല്ല. പുനർജ്ജന്മസിദ്ധാന്തമനുസരിച്ചു് പൂർവ്വജന്മകൃതങ്ങളായ കർമ്മങ്ങളാൽ രൂപം പ്രാപിക്കുന്ന ഭാവം തന്നെയാണു് പ്രകൃതി. സൽക്കർമ്മഫലമായുണ്ടാവുന്നുവെങ്കിൽ പ്രകൃതി നല്ലതും ദുഷ്കർമ്മഫലമായുണ്ടാവുന്ന പ്രകൃതി ചീത്തയുമായിരിക്കും. അങ്ങനെ രൂപം പ്രാപിക്കുന്ന പ്രകൃതി സദാ സാഹചര്യങ്ങളാലും അനന്തര കർമ്മങ്ങളാലും പ്രേരിതമായിക്കൊണ്ടാണിരിക്കുന്നതു്. പ്രാബല്യം പ്രകൃതിക്കാണെങ്കിൽ ആ പ്രേരണ അത്രയധികം സ്വാധീനത ചെലുത്തി ഭേദംവരുത്തി എന്നു വരുന്നതല്ല. എന്നാൽ സാഹചര്യത്തിന്നു് പ്രാബല്യം കൂടുമെങ്കിൽ, പ്രകൃതിയെ നിയന്ത്രിക്കുവാനും ഇഷ്ടംപോലെ പരിണമിപ്പിക്കുവാനും ഏറെക്കുറെ കഴിഞ്ഞേക്കാം. "ബലീ പുരുഷകാരോഹി ദൈവമപ്യതിവർത്തതേ" എന്ന വാക്യത്തിന്റെ സൂക്ഷ്മമായ അർത്ഥം അതാണു്. ആ വഴിക്കു് ബോധപൂർവ്വമായ ശ്രമം ഒന്നുംതന്നെ നാം ചെയ്തില്ലെങ്കിലും, പ്രകൃതി പരിണാമഹീനമായി സ്ഥിതിചെയ്യുന്നില്ല. നാം അറിയാതെതന്നെ നമ്മുടെ സാഹചര്യങ്ങൾ നമ്മുടെ പ്രകൃതിയെ നിയന്ത്രിച്ചുകൊണ്ടിരിക്കും, സാഹചര്യങ്ങളുടെ സ്വഭാവമനുസരിച്ചു് പലപ്പോഴും അതു് തിന്മക്കു് കാരണമായിത്തീർന്നുവെന്നും വരും. സാഹചര്യം നല്ലതാണെങ്കിൽ പ്രകൃതി നന്നായെന്നുംവരും. ഒരു തരത്തിലുള്ള സാഹചര്യത്താലും പ്രേരിതനാവാതെ ആത്മാരാമന്മാരും ആത്മനിഷ്ഠന്മാരും ആയിക്കഴിയുക എന്നതു് എത്രതന്നെ ആശാസ്യമാണെങ്കിലും അപൂർവ്വം ചില പുണ്യവാന്മാർക്കേ സാധിച്ചു എന്നു വരുകയുള്ളു. അതുകൊണ്ടു്, സാഹചര്യം ശുദ്ധമായിരിക്കുന്നതിന്നും കർമ്മ

ങ്ങനം നന്നായിരിക്കുന്നതിന്നും ശ്രദ്ധിക്കേണ്ടതു് ഒഴിച്ചുകൂടാത്തതാണു്. അങ്ങനെ പ്രകൃതിയെ നിയന്ത്രിച്ചു് നന്നാക്കിത്തീർക്കുന്നതിന്നാണു് സംസ്കരിക്കുക എന്നു് പറയുന്നതു്. അങ്ങനെ പ്രകൃതി നന്നായിത്തീരുന്നതിനാണു് സംസ്കാരം, സംസ്കൃതി, എന്നു് പറയുന്നതും. സംസ്കാരമെന്നുള്ളതു് സ്ഥായിയായ ഒരു ഭാവമല്ല. അതായതു്, സംസ്കരിച്ചു് ഒരു വിധത്തിൽ ആക്കിത്തീർത്താൽപ്പിന്നെ എന്നും ആ നിലക്കു് മാററമില്ല എന്നു് കരുതിക്കൂട എന്നു് താല്പര്യം. സാഹചര്യങ്ങളേയും കർമ്മങ്ങളേയും ശുദ്ധമാക്കിവെച്ചുകൊണ്ടു് സദാ ജാഗ്രതയോടുകൂടിയിരിക്കണം. അല്ലെങ്കിൽ സാഹചര്യങ്ങളും കർമ്മങ്ങളും ദുഷിക്കുവാനിടയായാൽ നമ്മൾ അറിയാതെതന്നെ സംസ്കാരത്തിന്നു് അപകർഷം വന്നുതുടങ്ങും. തീകെടുത്തിയാൽ ആവി വെള്ളമായി ച്ചൂടാറി തണുപ്പുകൂടി ഉറച്ചു് മഞ്ഞുകട്ടയാവുന്നതുപോലെ, ശ്രദ്ധയുടേയും ജാഗ്രതയുടേയും ചൂടു് ആറിത്തുടങ്ങിയാൽ സംസ്കാരം പ്രതികൂലവും വിപരീതവുമായ രീതിയിൽ പരിണമിച്ചുതുടങ്ങുകയും ക്രമേണ നന്മയുടെ അംശങ്ങൾ ക്ഷയിച്ചു് തിന്മയുടെ അംശങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യും. അങ്ങനെയുണ്ടാവുന്ന പ്രകൃതിയുടെ അപകർഷത്തിലേക്കുള്ള പരിണാമത്തെയാണു് വികൃതി അല്ലെങ്കിൽ വികാരം എന്നു് പറയുന്നതു്. വികൃതി, വികാരം എന്നതിന്നു് മരണലക്ഷണം രോഗം എന്നെല്ലാമാണു് ആയുർവ്വേദത്തിൽ അർത്ഥമെന്നു് ഓർമ്മിക്കുന്നതു് നന്നു്. സാഹചര്യ്യങ്ങളും പ്രവർത്തികളും ദുഷിക്കുന്നതുകൊണ്ടു് പ്രകൃതിക്കുണ്ടാവുന്ന ദുഷ്പരിണാമം തന്നെയാണു് വികൃതി അല്ലെങ്കിൽ വികാരം. സാഹചര്യങ്ങളും പ്രവർത്തികളും നന്നാവുന്നതുകൊണ്ടു് പ്രകൃതിക്കുണ്ടാവുന്ന സൽപരിണാമംതന്നെയാണു് സംസ്കൃതി അല്ലെങ്കിൽ സംസ്കാരം എന്നു് ചുരുക്കത്തിൽ പറയാം. "സംഗഃ സർവ്വാത്മനാഹേയഃ, സചേൽത്യക്തും ന ശക്യതേ, സ സദ്ഭിസ്സഹകർത്തവ്യഃ സാധുസംഗോഹി ഭേഷജം" എന്ന മഹദ്വാക്യത്തിന്റെ സാരവും അതുതന്നെയാണു്. വികാരത്തിന്നു് ഭേഷജം (മരുന്നു്) സാധുസംഗം തന്നെയാണു്. അതാണു് സജ്ജനസംസർഗ്ഗത്തെ ശാസ്ത്രങ്ങളെല്ലാം ഉൽക്കർഷത്തിന്റെ ആദ്യത്തെ പടിയായി കണക്കാക്കുന്നതു്. സജ്ജനസംസർഗ്ഗവും സദാചാരവും തന്നെയാണു് സംസ്കാരത്തെ പോഷിപ്പിക്കുന്നതു്. അഭ്യാസംകൊണ്ടും വൈരാഗ്യംകൊണ്ടും—നിരന്തരമായ പരിശീലനം കൊണ്ടും വിരക്തികൊണ്ടും—സംസ്കാരത്തെ സ്വഭാവമാക്കിത്തീർക്കാവുന്നതാണു്. അപ്പോൾ അറിയാതെതന്നെ സമീപനവും പ്രവർത്തനവുമെല്ലാം സംസ്കാരോചിതവും സംസ്കാരാഭിമുഖവും ആയിത്തീരും. വിരക്തി എന്നതിന്നു് വിശേഷണയുടെ രക്തി എന്നും വിഗതയായ രക്തി എന്നും അർത്ഥമുണ്ടു്. നന്മയിൽ—ധർമ്മത്തിൽ ആണു് വിശേഷണരക്തി വേണ്ടതു്. തിന്മയിൽ—അധർമ്മത്തിൽ രക്തി വിഗതയാവണം. അതായതു്, രക്തി ഉണ്ടാവരുതു് എന്നു് താല്പര്യം. രക്തി എന്നുവെച്ചാൽ രാഗം, അഭിലാഷം, ആസക്തി, കിട്ടിയേകഴിയൂ എന്ന വിചാരമെന്നെല്ലാമാണു് താല്പര്യം. വികാരത്തിലെ ദോഷം കണ്ടു് അതിൽ ഒരു വിധത്തിലും ആസക്തിയുണ്ടാകാതിരിക്കുകയും സംസ്കാരത്തിലെ ഉ

ല്ക്കർഷംകണ്ടു് അതിൽ എല്ലാവിധത്തിലും അപേക്ഷയും ആസക്തിയും ഉണ്ടായിരിക്കുകയും തന്നെയാണു് സാമാന്യമായി വിരക്തി (വൈരാഗ്യം) എന്നതുകൊണ്ടുദ്ദേശിക്കപ്പെടുന്നതു്. പ്രത്യേകിച്ചും സാധകദശയിൽ ഇരിക്കുന്ന സാധാരണന്മാരെ സംബന്ധിച്ചേടത്തോളം അതുതന്നെയാണർത്ഥം. പ്രകൃതി, വികൃതി, സംസ്കൃതി എന്നിവ മനോഭാവങ്ങളാണെന്നു് കണക്കാക്കിയാലും വലിയ തെററുണ്ടാവുമെന്നു് തോന്നുന്നില്ല.

സംസ്കാരം, ഉൽക്കർഷം എന്നിങ്ങനെ പറയുന്നതുകൊണ്ടു് എന്താണുദ്ദേശിക്കുന്നതു് എന്നും ചിന്തിക്കേണ്ടതുണ്ടല്ലോ. പെരുമാററത്തിലെ നന്മയെത്തന്നെയാണു് സംസ്കാരമെന്ന ശബ്ദം പ്രധാനമായികുറിക്കുന്നതു്. ഒററയ്ക്കു് ഒരാൾതന്നെ ജീവിക്കുക എന്നതു് മിക്കവാറും അസാധ്യമാണു്. ജനങ്ങൾ കൂടിച്ചേർന്നു സഹകരിച്ചാണു് ലോകജീവിതം നടക്കുന്നതു്. ഓരോരുത്തൻേറയും പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, വീടു മുതലായവതന്നെ ഉപയോഗിക്കാറാവുന്നതിന്നു, രൂപം പ്രാപിക്കുന്നതിന്നു്, അനവധി ആളുകളുടെ അനവധിനാൾകൊണ്ടു സാധിക്കാവുന്ന പ്രയത്നം ആവശ്യമാണല്ലോ. ഇങ്ങനെ നോക്കുമ്പോൾ പരസ്പരാശ്രിതമായാണു്, സഹകരണാത്മകമായാണു് ലോക്ജീവിതം നടക്കുന്നതു്. സഹകരിക്കുക എന്നു വരുമ്പോൾ വിശ്വാസ്യത ഒഴിച്ചുകൂടാത്തതാണു്. വിശ്വാസ്യതയ്ക്കു് സത്യസന്ധതയാണു് അടിസ്ഥാനം. സത്യസന്ധതയെന്നു പറയുമ്പോൾ അതിൽ ഉൾപ്പെടാത്ത ഗുണമൊന്നുമില്ല എന്നു വ്യക്തമാണു്. ഇങ്ങനെ സർവ്വവ്യാപകമായ സത്യസന്ധതയാണു് സംസ്കാരത്തിൻെറ ഉൽക്കർഷത്തിങ്കലെ ഭാവം. സ്വാർത്ഥപരാർത്ഥാദിപരിഗണനയില്ലാത്തതാണു് സത്യസന്ധത. സത്യം ഭാവമാണെങ്കിൽ അതിൻെറ രൂപമാണു് അഹിംസ. അനുഷ്ഠാനത്തിൽ സംസ്കാരം അഹിംസാത്മകമായിരിക്കും. മനോവാക്കായങ്ങളെക്കൊണ്ടു്, തനിക്കു് ഹിതമെന്നു താൻ കരുതാത്തതു്. അന്യനും ആഗ്രഹിക്കാതിരിക്കുകയാണു് അഹിംസ. ഇങ്ങനെ സംസ്കാരത്തിൻെറ മുഖ്യഘടകങ്ങളായ അഥവാ അകവും പുറവും മാത്രമായ സത്യാഹിംസകളെ അവയുടെ യഥാർത്ഥമായ ഭാവത്തിലും രൂപത്തിലും ആദരിക്കുന്ന തത്വശാസ്ത്രമാണു് വേദാന്തം. വേദാന്തത്തിൻെറ പരമമായ പൊരുൾ, നാമരൂപങ്ങൾക്കതീതമായ ഒരു ചൈതന്യം അന്തര്യാമിയായി, സർവ്വത്തിൻേറയും ഭാവമായി, പ്രപഞ്ചത്തെ മുഴുവൻ ചൈതന്യവത്താക്കിക്കൊണ്ടിരിക്കുന്നുവെന്നാണല്ലോ. അപ്പോൾ പരസ്പരഭേദം ഭാവത്തിലല്ല, രൂപത്തിലേ ഉള്ളു. ഇതംഗികരിക്കുകയാണെങ്കിൽ, യഥാർത്ഥത്തിൽ, ആർക്കും ആരേയും ദ്വേഷിക്കാനോ ഹിംസിക്കാനോ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മൌലികമായി, "താൻ" അല്ലാതെ, ആത്മാവല്ലാതെ, ഈ പ്രപഞ്ചത്തിലൊന്നുമില്ല. ആരെയെങ്കിലും ദ്വേഷിക്കുകയാണെങ്കിൽ അതു് വാസ്തവത്തിൽ തന്നെത്തന്നെ ദ്വേഷിക്കുകയാണു്. ആർക്കും അവനവനിൽനിന്നു് ഒന്നും ഒളിച്ചുവെക്കുവാൻ സാദ്ധ്യമല്ലല്ലോ. അതുപോലെ സത്യസന്ധതയും സ്വഭാവമായിത്തീരുന്നു. തന്നെത്തന്നെ ഹിംസിക്കുവാൻ ആർക്കും മനസ്സുണ്ടാവാത്തതു

പോലെ മററാരേയും ഹിംസിക്കുവാൻ സാധ്യമാവുകയില്ല. അപ്പോൾ സത്യാഹിംസകളും സംസ്കാരവും എല്ലാം പൂർണ്ണമായും വ്യക്തമായിത്തീരും. പക്ഷെ, അങ്ങനെ ആ തത്വത്തെ സാക്ഷാൽക്കരിച്ചവർ വളരെ അപൂർവ്വം തന്നെയാണല്ലോ. എങ്കിലും, ബുദ്ധിപരമായെങ്കിലും ആ തത്വത്തെ അംഗീകരിക്കുകയും ആലോചിക്കുകയും ചെയ്താൽ, അതിനനുസരിച്ച സമീപനം സ്വഭാവമായിത്തീരുകയും ചെയ്യും. സാക്ഷാൽക്കാരം സാധിച്ചുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു്, വികാരത്തിലേക്കു വഴുതിപ്പോകാതിരിക്കത്തക്കവണ്ണം സദാ ജാഗ്രത ഒഴിച്ചുകൂടാതിരിക്കുന്നതു്, സംസ്കാരത്തിന്റെ മാർഗ്ഗത്തിൽ, ലക്ഷ്യമായ സാക്ഷാൽക്കാരത്തിലേക്കു് അടുക്കുംതോറും, എത്രകണ്ടു് അടുത്തുവോ അത്രകണ്ടു്, സത്യാഹിംസകൾ സൂക്ഷ്മമായ ഭാവത്തിൽ അനുസരിക്കപ്പെടുന്നു. അകലം കൂടിയിരിക്കുതിനനുസരിച്ചു് സത്യാഹിംസകൻ സ്ഥൂലമായ രൂപത്തിൽ മാത്രം അനുസരിക്കപ്പെടുന്നതായാലും കാണപ്പെടുന്നു. വൈരുദ്ധ്യങ്ങളും മററും കാണപ്പെടുന്നതു് സ്ഥൂലരൂപത്തിലാണു്. സ്ഥൂലത്തിൽനിന്നു സൂക്ഷ്മത്തിലേക്കു് അടുക്കുംതോറും വൈരുദ്ധ്യങ്ങൾ നീങ്ങിക്കൊള്ളുകയും ചെയ്യും.

സാക്ഷാൽക്കാരത്തിൽ എത്തിക്കഴിഞ്ഞിട്ടില്ലാത്തവക്കു് ജാഗ്രതയ്ക്കു് ഏററവും സഹായിക്കുന്നതു് ഭക്തിയാണു് എന്നതിന്നു പക്ഷാന്തരമില്ല. നാമരൂപങ്ങളിൽനിന്നു മനസ്സിനെ വേർപ്പെടുത്തുന്നതിന്നു്, നിരുപാധികമോ നിവ്വികല്പമോ ആയ നില കൈവരാൻ കഴിഞ്ഞിട്ടില്ലാത്തവരെ സംബന്ധിച്ചിടത്തോളം, മനസ്സിനും, ഒരളവുവരെ ബുദ്ധിക്കും, വ്യാപരിക്കുന്നതിന്നു് ഒരുപാധികൂടിയെ കഴിയൂ. പടരുന്ന ഒരു വള്ളി അതിനു തോന്നിയപോലെ പടരാതിരിക്കണമെങ്കിൽ, വേണ്ടവിധത്തിൽ ഒരു പന്തലിട്ടു കൊടുക്കേണ്ടതുണ്ടു് അതുതന്നെയാണു് മനസ്സിന്റെ സ്ഥിതിയും. ആ പന്തൽതന്നെയാണു് ഭക്തി ആ പന്തലിന്റെ നടുക്കലാണു് ഈശ്വരൻ. ഈശ്വരനാകട്ടെ സത്യസ്വരൂപനാണു്. അഥവാ സത്യത്തിന്നു് ഒരു രൂപം കല്പിക്കാമെങ്കിൽ അതാണീശ്വരൻ. അതുകൊണ്ടാണു് സത്യസഹചാരികളായ കരുണ മുതലായ ഗുണങ്ങൾക്കു ഈശ്വരൻ ഇരിപ്പിടമായിരിക്കുന്നതു്. ഈശ്വരൻ ഉണ്ടോ ഇല്ലയോ എന്ന വാദം തന്നെ നിരർത്ഥകമാണു്. മനസ്സുണ്ടെങ്കിൽ ഈശ്വരനും ഉണ്ടു്. മനസ്സു് എന്നൊന്നില്ല എന്നു സിദ്ധാന്തിക്കാമെങ്കിൽ ഈശ്വരനും ഇല്ല എന്നു സിദ്ധാന്തിക്കാം. പക്ഷെ മനോനാശത്തെ സങ്കല്പിക്കുന്നതിനുതന്നെ ഇപ്പോൾ മനസ്സു് ആവശ്യമായാണിരിക്കുന്നതു്. "ഈശ്വരഃ സർവ്വഭൂതാനാം ഹൃദ്ദേശേർജ്ജുന തിഷ്ഠതി." ഈശ്വരന്റെ സ്ഥാനം ഒട്ടൊഴിയാതെയുള്ള സർവ്വ വസ്തുക്കളുടേയും മനസ്സാണു്. എന്നാൽ സാധാരണ ജനത്തെക്കുറിച്ചാണെങ്കിൽ ഈശ്വരനാകുന്ന നടുക്കാലിൽ ആശ്രയിച്ചു നിൽക്കുന്ന ഭക്തിയാകുന്ന പന്തലിൽ മനസ്സാകുന്ന വള്ളിയെ പടർത്തുക. അപ്പോൾ മനസ്സു ക്രമേണ സംസ്കാര സമ്പന്നമായിത്തീരും. പിന്നെ പ്രകൃതിയേയും വികൃതിയേയും ഭയപ്പെടേണ്ടതില്ല. സാധകനെ സംബന്ധിച്ചേടത്തോളം നില അതാണു്.

— * —

# നാരായണീയം

ഏ. ആർ. മേനോൻ

## 65-ാം ദശകം

1 ഗൌരിവ്രതേ പശുപനാരികളോടുരച്ചു
മാരോത്സവത്തെ നിറവേററുവതിന്നൊരുങ്ങി
പൂപ്പോലെ ചന്ദ്രികപരന്ന കളിന്ദദേശെ
കാളിന്ദിസീമനി വനേ കുഴൽനീനിറച്ചു.

2 ഉച്ചാവചതാലലയതാളമിതൊക്കെയൊത്ത-
സപ്തസ്വരേണ ഭുവനത്തെ മയക്കിടുന്ന
വേണുസ്വനം വ്രജനിതംബിനിമാർ ശ്രവിച്ചി-
ട്ടേതോതരം മതിവിമോഹമവർക്കുചേർന്നു

3 ഭർത്താവിനെപ്പരിചരിക്കുക, വീട്ടുവേല,
ബാലർക്കുപോഷണമിതാകെ പരിത്യജിച്ചു
വാമാക്ഷിമാർ മുരളികേട്ടു മനംമയങ്ങി
കാന്താരമെത്തിയൊരുമിച്ചഥ മോഹനാംഗ!

4 പണ്ടങ്ങൾ ചാർത്തുമിടയിൽ തവവേണുകേട്ടി-
ട്ടാമട്ടിൽ പാതിയണിവായ് ചിലരോടിയെത്തി
നിൻകണ്ണിലാത്തരുണിമാരുടെ ചന്തമല്ലോ
നന്നായണിഞ്ഞവരിൽ വെച്ചു രുചിച്ചതപ്പോൾ

5 കണ്ഠത്തിൽമേഖല തഥാകടിതന്നിൽ ഹാരം
ചാർത്തീട്ടൊരുത്തി തവ സന്നിധിവന്നുചേർന്നു
സ്പഷ്ടംഭവാനോടവൾ തന്റെ നിതംബദേശേ
ഹാരിത്വമുള്ളതു പറഞ്ഞറിയിക്കുവാനോ?

6 മോഹത്തിലാണ്ടു പരനാരികൾ കണ്ടിടാതെ-
യെത്തീയൊരുത്തിയൊരു വസ്ത്രവുമില്ലമാറിൽ
നിസ്തുല്യരാഗഭര ജാനപദാഭിഷേക-
മങ്ങേക്കുചെയ്വതിനു പൂർണ്ണഫലടംവഹിച്ചോ?

7 ഗേഹത്തിൽനിന്നു പുറമെത്തുവതിന്നു സാദ്ധ്യ-
മാകാതെയന്യർ ചിലരങ്ങയെ ചിന്തചെയ്തു
ദേഹംത്യജിച്ചുലയമാർന്നു ഭവാനിലപ്പോൾ
ചിത്സൌഖ്യരൂപ! യിവരാണതിഭാഗ്യമുള്ളോർ.

8 ബ്രഹ്മസ്വരൂപമറിയാതെ മുഴുത്തകാമാൽ
ചിന്തിച്ചുനിന്നെയിവർ മുക്തിയടഞ്ഞുവേഗം
സച്ചിത്പ്രകാശ! തിരുമേനിയെ ഞാനുമേതോ
ധ്യാനിച്ചു നിത്യസുഖമേല്ക്കുക വേണ്ടതല്ലേ

9 ചുററും നിരന്നലലനാമണിമാർ സകാമ-
മീക്ഷിച്ചു മന്ദഹാസിതാർദ്രമുഖൻ ദയാലു
ലാവണ്യവാരിനിധി ലോകമനോഭിരാമൻ
വാതാലയേശ്വര നൊഴിക്കണമാമയത്തെ

## 66-ാം ദശകം

1 മന്മഥശരപരവശരായ്
വന്നു മനോജ്ഞാംഗിമാർക്കെഴും മോഹം
സാധിപ്പിപ്പതിനു ഭവാ-
നുറച്ചുപക്ഷെ മറിച്ചുതാൻ ചൊല്ലി

2 വാനിൽത്തിങ്ങിയ മുനിമാർ
കേൾപ്പാനോതീ പതിവ്രതാധർമ്മം
ധർമ്മം താൻതവ വചനം
കർമ്മം നിർമ്മല! ചിലപ്പോളല്ലെന്നാം

3 പ്രതികൂലവാക്കുകേട്ടി-
ട്ടേണാക്ഷീഗണമതീവ ഖേദിച്ചു.
അരുതേ! കൈവെടിയരുതെ-
ദയാനിധേ? യെന്നപേക്ഷിച്ചാർ ചിരം

4 ഓരോരോന്നോതിക്കരയു-
ന്നതുകേട്ടലിയും ഹൃദാമുരാരെ! നീ
പുഴമണലിൽ ചെന്നവരോ-
ടിഷ്ടാനുസൃതം തുടങ്ങി വിഹരിപ്പാൻ

5 കുളുർകൌമുദിയാൽ ശോഭി-
ച്ചതിസുന്ദരമാം നദീതടത്തിങ്കൽ
ഗോപീജനോത്തരീയം
വിരിച്ചു മണൽമെത്തമേലിരുന്നു ഭവാൻ

6 മധുമധുരനന്മവാക്യം
കരസംവഹനങ്ങളും ചുംബനോല്ലാസം
ഗാഢാശ്ലേഷം കൈകൊണ്ടും
ശാതോദരിമാർക്കുരഞ്ജനം നൽകി

7 വസ്ത്രാപഹരണ ദിവസെ
വസ്ത്രാക്ഷേപ പ്രതിജ്ഞ നീ ചെയ്തു
രാഗാകുല ചിത്തകളാം
സുന്ദരിമാക്കളും നിർവ്വഹിച്ചു വിഭോ!

8 മുത്തൊളി വിയർപ്പണിഞ്ഞു
മന്ദസ്മിതം പൊഴിയുന്ന വക്ത്രത്താൽ
ത്രിജഗത് സുന്ദര! നിന്നെ—
പ്പുണർന്നീപ്രമദാജനം പ്രമദിച്ചു.

9 ചെന്നാൽ ശൃംഗാരമയൻ
വീട്ടാലംഗാരമയൻതന്നെ ഭാവൻ
ഇപ്പോഴീചേർച്ചയിലും
നീയംഗാരമയൻതന്നെ വിചിത്രം

10 രാധാപീനകുചത്തെ—
ഗ്ഗാഢമണപ്പാൻ കൊതിച്ചിട്ടും നിന്നെ
ആരാധിപ്പൻ ഭക്ത്യാ
രോഗം സർവ്വം മാററുക വാതേശ!

## 67_ാം ദശകം

1 ആനന്ദമൂത്തേ! തിരുമേനിയോടു
ലീലാസുഖം പാരമടഞ്ഞമൂലം
ആനന്ദഭാരാതിശയേന ചിത്തേ
ഗർവ്വിഷ്ഠമാരായി വധൂ ജനങ്ങൾ

2 ഞാൻതന്നെയാണീ ഭുവനൈകഹൃദ്യ—
ശ്രീമാധവൻ തന്നനുരാഗപാത്രം
അഹന്തയീമട്ടിലവർക്കെവർക്കും
വന്നുള്ളതീക്ഷിച്ചു ഭവാൻ മറഞ്ഞു

3 അതേവരെഗർവ്വമുദിച്ചിടാത്തോൾ
ഭവാനുമേററം പ്രിയയാണുരാധാ
അഗ്ഗോപിയെക്കൂട്ടി ഭവാൻ മുരാരേ!
രമിപ്പതിന്നായി ഗമിച്ചുദൂരം

4 ഭവാൻ മറഞ്ഞാരെ വളർന്നതാപാ—
ലൊന്നിച്ചുചേർന്നു വനജാക്ഷിസംഘം
വനാന്തേനം നിന്നെ തിരഞ്ഞലഞ്ഞി—
ട്ടപാരമാമാധിയിലാണ്ടു കഷ്ടം

5 തേൻമാവു, നൽചമ്പക കർണ്ണികാരം
നീപം തഥാ മുല്ലകൾ പിച്ചകങ്ങൾ
ഇത്യാദിയോടായവർ ചിത്തചോര-
നെങ്ങെന്നു ചോദിച്ചു ഖേദവിഷക്തർ

6 സങ്കല്പദൃഷ്ട്യാ തിരുമേനിയെക്ക-
"ണ്ടിതാ സരോജാക്ഷനെ കാണ്മു മുന്നിൽ"
ഏവം വിലമ്പിപ്പറയുന്നൊരുത്തി
സഖീ ജനത്തിൻ വ്യഥയേറെയാക്കി

7 താൽഭാവമാർന്നീ യുവതീജനങ്ങൾ
തല്ലീലയാടിത്തിരിയുന്ന നേരം
മാനത്തിനാൽ തന്നെ വിയുക്തയായ
രാധാഖ്യയെക്കണ്ടു കിടപ്പിലപ്പോൾ

8 ഇരുട്ടുളുംവരെയൊത്തുചേന്നു
പുററിത്തിരഞ്ഞാരവർ കാനനത്തിൽ
കാളിന്ദിയിൽ പിന്നെയണഞ്ഞഹോ നിൻ
ഗുണങ്ങൾ കീർത്തിച്ചു കരഞ്ഞു പാവം

9 ഖേദാകുലസ്ത്രീകളെ കണ്ടനേരം
കാരുണ്യപൂർണ്ണൻ തിരുമേനി ശീഘ്രം
പുഷ്പേഷു സമ്മോഹന വേഷധാരീ
പ്രത്യക്ഷനായ് വന്നു ചിരിച്ചുകൊണ്ടു

10 സന്ദർശനം സംശയമായ ജീവ-
നാഥൻെറയാവിർഭവമത്രകണ്ടു
പ്രമോദഭാരാലവരെത്തുതന്നെ
പ്പെട്ടെന്നു പെയ്തില്ലു ഗദാൽ പ്രപാഹി

## 68-ാം ദശകം

1 പശുപനാരിമാർ നിൻെറ ദർശനാൽ
പ്രമുദമാർന്നതേ നീരജേക്ഷണ!
അമൃതപാരിയിൽ മുങ്ങിവന്നപോൽ
തവ പുരോഭുവി സ്തബ്ധരായ് പരം

2 ഒരുവൾ നിൻകരം ശങ്കയെന്നിയെ
യുടനെടുത്തഹോ വെച്ചുതൻസ്തനെ
പുളകിതാംഗിയായന്നിലെക്കവൾ
വളരെ നേരമായ് നിന്നുപോൽ തദാ

3 തവഭുജത്തിനെത്തൻഗളത്തിലാ-
യൊരുവരം ചുററിനാരം ഹർഷമോടഹോ
ഹൃദയഗഹ്വരം വിട്ടയന്നിടും
പവനനെഗ്ഗളേ നിത്തുവാൻ ധ്രുവം

4 ഒരു വിലാസിനീ ലജ്ജയെന്നിയെ
തവമുഖത്തിലെ സ്പൃഗചർവ്വണം
നിജമുഖോദരെ വാങ്ങിവെച്ചഹോ
മരുവിനാരം ചിരം പൂർണ്ണകാമമായ്

5 അഭയ! കാനനെ വിട്ടുഞങ്ങളെ-
യപഗമിക്കയാലങ്ങയാർ തൊട്ടും
ഇതിസകോപയായ് നിന്നനോക്കിനാ-
ളൊരുനിതംബിനീ കണ്ണിൽ നീരുമായ്

6 മുദമടഞ്ഞൊരീ സ്ത്രീജനങ്ങളെ
യമുനതൻതടേ കൊണ്ടുവന്നഹോ
ഘുസൃണസൌരഭം വീശിടും മൃദു-
സ്തനപടങ്ങളിൽ ചെന്നിരുന്നനീ

7 "സകലരും ദയാപാത്രമാം ചില-
ർക്കിടിയരിൽ ദയാപൂർണ്ണരാം ചിലർ
ദയവിഹീനരും പാരിലുണ്ടതാ-
നിതിലഹോ ഭവാനെന്തുചൊല്ലുമോ"

8 "കഠിനനല്ലഞാൻ ശങ്കപോക്കുവിൻ
പ്രണയകാതരൻ കന്യമാർകളെ
ചലനമെന്നിയെ മാനസംമയി
സ്ഥിരമുറച്ചിടാൻ ചെയ്തതാണുഞാൻ

9 പ്രിയജനങ്ങളേ! നിങ്ങളാംപോലവേ
പ്രണയമാർന്നവർ വേറെയില്ലമേ
തടവുചേർന്നിടാ രമ്യരാക്കളിൽ
വിഹൃതിചെയ്തിടാ"മെന്നുരച്ചനീ

10 ഇതിമുദാന്വിതം കേട്ടവല്ലവീ-
നിവഹമൊത്തുടൻ രാസലീലയിൽ
കുതുകമേററവും പൂണ്ടമാധവ!
പവനമന്ദിര! രോഗമാററുക.

— * —

# "ശ്രീ കൃഷ്ണൻ" ജയന്ത്യുപഹാരം

## അദ്ദേഹത്തിൻെറ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം

*ആത്മാരാമൻ കടമ്പനാൽ*

ഈശ്വരൻെറ അവതാരങ്ങളിൽ വച്ച് നമ്മുടെ ശ്രദ്ധാഭക്തിവിശ്വാസങ്ങളെ ഏററവും സമാർജ്ജിക്കാൻ സാധിച്ചിട്ടുള്ളത് ശ്രീരാമനും, ശ്രീകൃഷ്ണനുമാണ്. ഇവരിൽ രാമൻ മര്യാദാപുരുഷോത്തമനാണെങ്കിൽ, കൃഷ്ണൻ ലീലാപുരുഷോത്തമനത്രെ. രണ്ടുപേരും അവതാരപുരുഷന്മാരായി അംഗീകരിക്കപ്പെടുന്നുണ്ട്. പക്ഷെ, അവരുടെ സ്വഭാവത്തിനും മററും വളരെ അന്തരമുണ്ട്. ശ്രീരാമനെ ആദ്യംമുതൽ അവസാനംവരെ നാം കാണുന്നത്, ശാന്തഗംഭീരനും, കാര്യമാത്രപ്രസക്തനും, ദൃഢപ്രതിജ്ഞനും, സത്യസന്ധനും, കൃത്യനിഷ്ഠനുമായ ഒരുത്തമരാജാവായിട്ടാണ്. എന്നാൽ ശ്രീകൃഷ്ണൻ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്, ചഞ്ചലതയുടേയും, നേരംപോക്കിൻെറയും, കുട്ടിക്കളിയുടേയും സജീവമൂർത്തിയായിട്ടാണ്. ശ്രീരാമനെ ഒരിക്കലും ചിരിക്കുന്നവനായിട്ടും, ശ്രീകൃഷ്ണനെ എപ്പോഴെങ്കിലും കരയുന്നവനായിട്ടും കണ്ടിട്ടില്ലെന്ന് ആരെങ്കിലും പറഞ്ഞാൽതന്നെ അതിൽ ഒട്ടും അതിശയോക്തിയില്ല. അത്രക്കുമാത്രം ഒരാളിൽ പ്രസാദത്തിൻെറ കുറവും, മറെറയാളിൽ വിഷാദത്തിൻെറ അഭാവവും കാണാം. ആകൃതിയിലും, പ്രകൃതിയിലും, സ്വഭാവത്തിലും, സ്വരൂപത്തിലും യാതൊരു പരിവർത്തനവുമില്ലാത്ത സമരസപ്രധാനമായ ഒരു ജീവിതമാണ് രാമൻേറതെങ്കിൽ, കൃഷ്ണൻെറ ജീവിതം മുഴുവൻ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന സ്വഭാവത്തോടും സ്വരൂപത്തോടും കൂടിയതാണ്. നവം നവങ്ങളായ ലീലകളും വിനോദങ്ങളുമാണ് ശ്രീകൃഷ്ണൻെറ ജീവിതത്തിലുടനീളം പ്രകടമാകുന്നതെന്ന് താല്പര്യം. മര്യാദയെ പാലിക്കുന്നതിനുവേണ്ടി, മര്യാദയുടെ നാലതിരിനുള്ളിൽ ബന്ധനസ്ഥനായി, ഒരാൾ ആജീവനാന്തം അസ്വതന്ത്രനായി കഴിഞ്ഞുകൂടുമ്പോൾ, അപരൻ സർവ്വതന്ത്രസ്വതന്ത്രനായി പ്രകൃതിനടിയോടുകൂടി ജീവിതകാലം മുഴുവൻ ആനന്ദമഗ്നനായി നടനംചെയ്യുന്നു. ശ്രീരാമന് താൻ ഒരീശ്വരാവതാരമാണെന്ന, ഈശ്വരൻ തന്നെയാണെന്ന ബോധം അപൂർവ്വം ചില സന്ദർഭങ്ങളിൽ മാത്രമേ ഉണ്ടായിട്ടുള്ള. എന്നാൽ ശ്രീകൃഷ്ണനങ്ങിനെയല്ല; അദ്ദേഹത്തിൽ, താൻ സാക്ഷാൽ ജഗദീശ്വരനാണെന്നും, വിരാട്പുരുഷനാണെന്നും ത്രൈലോക്യനാഥനാണെന്നുമുള്ള ഭാവം എപ്പോഴും കളിയാടിക്കൊണ്ടിരുന്നു.

"ഹേ! അർജ്ജുന!! സമസ്തസൃഷ്ടിയുടേയും ആദികാരണം ഞാൻതന്നെയാണ്. ഞാനില്ലാത്ത യാതൊരു വസ്തുവും ഈ ലോകത്തിലില്ല. ലോകത്തിൽ എവിടെയെല്ലാം, ആരിലെല്ലാം, പ്രഭാവവും പ്രതാപവും, തേജസ്സും ഓജ

സ്സും, അഭിവൃദ്ധിയും, ഐശ്വര്യവും കാണുന്നുവോ, അവയെല്ലാം എന്റെ വിഭൂതിയുടെ അംശങ്ങളാണെന്നു് നീ മനസ്സിലാക്കുക. എന്തിനധികം; ഈ ബ്രഹ്മാണ്ഡംതന്നെ എന്റെ ചെറിയൊരംശത്താൽ ചുററപ്പെട്ടിരിക്കയാണു് എന്നു് ഭഗവാൻ ഗീതയിൽ പറഞ്ഞിരിക്കുന്നതു് ഇതിന്നു ദൃഷ്ടാന്തമാണു്.

വീണ്ടും അൎജ്ജുനന്റെ സംശയം ദൂരീകരിക്കുന്നതിനുവേണ്ടി, വിശ്വരൂപത്തെ കാണിച്ചുകൊടുത്തുകൊണ്ടു്, ഭഗവാൻ പറയുകയാണു്:—

ഇഹൈകസ്ഥം ജഗൽകൃൽസ്നം പശ്യാദ്യസചരാചരം
മമ ദേഹേ ഗുഡാകേശ! യച്ചാന്യൽ ദ്രഷ്ടുമിച്ഛസി

"അല്ലയോ, അൎജ്ജുന! ചരാചരാത്മകമായ പ്രപഞ്ചത്തെ മുഴുവൻ എന്റെ ഈ വിരാടു് സ്വരൂപത്തിൽ, വിശ്വരൂപത്തിൽ നീ ദർശിക്കുക. ഇതിനു പുറമെ നീ എന്തെല്ലാം കാണാനാഗ്രഹിക്കുന്നുവോ, അതും കണ്ടുകൊള്ളുക.

ശ്രീരാമനെപ്പോലെ പ്രായപൂർത്തിവന്നതിനുശേഷമാണു്, ശ്രീകൃഷ്ണനു തന്റെ അപാരമായ ദിവ്യശക്തിയെയും, അത്ഭുതസിദ്ധിയെയും പററി അറിയാൻ കഴിഞ്ഞതെന്നു വിചാരിക്കാൻ വയ്യ. കാരണം, ആ ഭഗവാന്റെ ബാലലീലയിൽതന്നെ അഭൂതപൂൎവ്വങ്ങളായ പല അത്ഭുത സംഭവങ്ങളും നമുക്കു കാണാൻ കഴിയും. പൂതനാമോക്ഷം, കംസവധം, കാളിയമർദ്ദനം മുതലായ അത്യത്ഭുത കരങ്ങളായ സംഭങ്ങളെല്ലാം അതിനു മകുടോദാഹരണങ്ങളാണു്.

കുട്ടിക്കാലത്തു ഭഗവാൻ മണ്ണുതിന്നുവെന്ന ആരോപണം കേട്ടിട്ടു് യശോദ ദേഷ്യപ്പെട്ടു വായപൊളിക്കാൻ പറഞ്ഞപ്പോൾ, അദ്ദേഹം തന്റെ വായിൽ അഖിലാണ്ഡകോടി ബ്രഹ്മാണ്ഡത്തെയും കാണിച്ചുകൊടുത്തു് അമ്മയെ അമ്പരിപ്പിച്ച കഥ സുപ്രസിദ്ധമാണല്ലോ. അങ്ങിനെ അത്ഭുതസ്തിമിതയായി, കാൎത്തവ്യവിമൂഢയായി നില്ക്കുന്ന അമ്മയുടെ അരയിൽ കെട്ടിപ്പിടിച്ചു കരഞ്ഞുകൊണ്ടു് അവരുടെ ഹൃദയത്തിൽ പെട്ടന്നു മായാമോഹത്താൽ പുത്രവാത്സല്യം ജനിപ്പിച്ച അദ്ദേഹത്തിന്റെ ദിവ്യശക്തി പ്രശംസനീയമെന്നല്ലാതെയെന്തു പറയട്ടെ. ആ വക അത്ഭുത സിദ്ധികളൊന്നും കഠിനമായ തപസ്സുകൊണ്ടോ, നിരന്തരമായ യോഗാഭ്യാസംകൊണ്ടോ അദ്ദേഹത്തിനു സിദ്ധിച്ചിട്ടുള്ളതല്ല. വിശ്വാമിത്രൻ, അഗസ്ത്യൻ മുതലായ മഹർഷീശ്വരന്മാരിൽനിന്നും "ബല" "അതിബല" മുതലായ മന്ത്രോപദേശങ്ങളൊന്നും അദ്ദേഹത്തിനു ലഭിച്ചിരുന്നുമില്ല. അതിന്റെ ആവശ്യവും അദ്ദേഹത്തിനില്ലായിരുന്നു. ജന്മനാതന്നെ നൈസർഗ്ഗികമായി അദ്ദേഹത്തിൽ അമാനുഷികമായ ഒരു ശക്തി വിശേഷം കളിയാടുന്നുണ്ടായിരുന്നു വെന്നതിനു പൂതനാമോക്ഷം, ശകടാസുരഭഞ്ജനം, ഗോവർദ്ധനോദ്ധാരണം മുതലായ അദ്ദേഹത്തിന്റെ അത്ഭുതലീലകൾ തെളിയിക്കുന്നുണ്ടു്. എന്നല്ല; കംസന്റെ കാരാഗൃഹത്തിൽവച്ചു ജനിച്ചയുടനെതന്നെ തന്റെ മാതാപിതാക്കന്മാരായ ദേവകീവസുദേവന്മാരെ അനുഗ്രഹിക്കുന്നതിനുവേണ്ടി, ചതുർബ്ബാഹുവും, ശംഖ,

ചക്രഗദാപത്മധാരിയുമായ സാക്ഷാൽ മഹാവിഷ്ണുവിന്റെ രൂപം കൈക്കൊള്ളുകയും, അതുകൊണ്ടു് ആനന്ദതുന്ദിലരായ ആ മാതാപിതാക്കന്മാരുടെ സ്തുതിഗീതങ്ങൾ കേട്ടു സന്തോഷിച്ചു അവരുടെ അഭ്യർത്ഥനയനുസരിച്ചു സാധാരണ ശിശുരൂപം കൈക്കൊള്ളുകയും ചെയ്ത ആ ഭഗവാന്റെ ദിവ്യത്വത്തെയും ദൈവത്വത്തെയും സംബന്ധിച്ചു പറയേണ്ടതെന്താണു്?

ദുഷ്ടനായ കംസന്റെ ഉപദ്രവത്തെ ഭയന്നു ജനിച്ചയുടനെതന്നെ മാതാപിതാക്കന്മാർ അദ്ദേഹത്തെ ഗോകുലത്തിൽ കൊണ്ടുചെന്നാക്കി. പിന്നീടു് നന്ദഗോപരുടേയും യശോദയുടേയും സംരക്ഷണയിലാണു് ആ ഭഗവാൻ ജീവിതമാരംഭിച്ചതു്. ഗോകുലത്തിൽ വച്ചു് ആ ശൈശവദശയിൽതന്നെ പലപല അത്ഭുതലീലകളും ഭഗവാൻ പ്രദർശിപ്പിച്ചിട്ടുണ്ടു്. ഗോപന്മാരുടേയും, ഗോപസ്ത്രീകളുടേയും കണ്ണിലുണ്ണിയായ ആ കണ്ണനുണ്ണി സ്വന്തം അമ്മാവന്റെ കഥകഴിച്ചു് തന്റെ മാതാപിതാക്കന്മാരെ കംസന്റെ കാരാഗൃഹത്തിൽനിന്നു മോചിപ്പിക്കയും, മുത്തച്ഛനായ ഉഗ്രസേനനെ രാജാവായി വാഴിക്കയും ചെയ്തു

അതിന്നുശേഷം ക്ഷത്രിയോചിതമായ ഉപനയനാദി സംസ്കാരങ്ങളെല്ലാം കഴിച്ചു, ഉജ്ജയിനിയിലുള്ള സാന്ദീപമുനിയുടെ ആശ്രമത്തിൽ ചെന്നു് വിദ്യാഭ്യാസമാരംഭിച്ചു. അവിടെ എത്രദിവസം താമസിച്ചു, എന്തെല്ലാം പഠിച്ചു, എന്നു നോക്കാം. അവിടെ ആ ഭഗവാൻ 64 ദിവസംകൊണ്ടു്, നാലു വേദങ്ങളും, വേദാംഗങ്ങളും—ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദശാസ്ത്രം, ഗണിതം, സംഗീതം, സാഹിത്യം, ആയുർവ്വേദം, ധനുർവ്വേദം—എന്നുവേണ്ട, സകല വിദ്യകളും പഠിച്ചുതീർന്നു. 12 ദിവസം ആനപ്പുറത്തും, കുതിരപ്പുറത്തുമുള്ള സവാരി, തേരുതെളിക്കുക മുതലായവയായിരുന്നു. അസ്ത്രശാസ്ത്രാഭ്യാസത്തിന്റെ സർവ്വവശങ്ങളും മനസ്സിലാക്കാൻ 50 ദിവസമാണു് ചിലവഴിച്ചതെന്നും മറവം ഭാരതത്തിൽ പറയുന്നുണ്ടു്.

അഹോരാത്രൈശ്ചതുഃഷഷ്ട്യാ സാംഗാൽ വേദാനവാപതുഃ
ലേഖ്യം ച ഗണിതം ചൈവ, പ്രാപ്നതാം യദുനന്ദനൗ.
ഗാന്ധർവ്വവേദം വൈദ്യം ച സകലം സമവാപതുഃ
ഹസ്തിശിക്ഷാമശ്വശിക്ഷാം ദ്വാദശാഹേന ചാപ്നതാം.
പഞ്ചാശദ്ഭിരഹോരാത്രൈർദ്ദശാംഗം സുപ്രതിഷ്ഠിതം
സരഹസ്യം ധനുർവ്വേദം സകലം താവവാപതുഃ

അല്പദിവസങ്ങൾകൊണ്ടു് സർവ്വശാസ്ത്രപാരാവാരപാരംഗതനായിതീർന്ന ഭഗവാൻ, കേവലം ഒരു സാധാരണ മനുഷ്യബാലകനല്ലെന്നും, അമാനുഷികവും അസാധാരണവുമായ എന്തോ ഒരു ശക്തിവിശേഷം അദ്ദേഹത്തിൽ അന്തർലീനമായി കിടപ്പുണ്ടെന്നും സാന്ദീപന നിശ്ചയിച്ചു. അതുകൊണ്ടു് ഗുരുദക്ഷിണയായി, വളരെക്കാലം മുൻപു് സമുദ്രത്തിൽ വച്ചു് മുതല വിഴുങ്ങിയ തന്റെ ഒരു പുത്രനെ തിരിച്ചുകൊണ്ടുകൊടുക്കണമെന്നും, അദ്ദേഹം ഭ

ഗവാനോടു് അഭ്യർത്ഥിച്ചു. മനുഷ്യരാലെന്നല്ല, ദേവന്മാരാലോ, അസുരന്മാരാലോ—ആരാലും സാദ്ധ്യമല്ലാത്ത പ്രസ്തുത കാര്യം ഭഗവാൻ നിഷ്പ്രയാസം സാധിച്ചു. ഗുരുവിന്റെ ആഗ്രഹം പൂർത്തിവരുത്തുകയും, അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങിക്കുകയും ചെയ്തു. ഇതിൽനിന്നെല്ലാം അദ്ദേഹത്തിന്റെ ദിവ്യവും, ദൈവീകവുമായ അത്ഭുതശക്തി പ്രത്യക്ഷപ്പെടുന്നുണ്ടു്.

സാന്ദീപനിയുടെ അടുക്കൽ പഠിക്കുന്നതിനു മുമ്പുതന്നെ, ശ്രീകൃഷ്ണൻ സർവ്വകലാവല്ലഭനും, സർവ്വജ്ഞനുമായിരുന്നുവെന്നു, അദ്ദേഹത്തിന്റെ ബാല്യലീലകളിലേക്കൊന്നു കണ്ണോടിച്ചാലറിയാം. താണ്ഡവം, ലാസ്യം—എന്നീ രണ്ടുതരം നൃത്തങ്ങളെ സംബന്ധിച്ചു, അന്നുവരെ ആളുകൾ അറിഞ്ഞിരുന്നുള്ളു. അവ രണ്ടുമല്ലാതെ, ഏററവും വിലക്ഷണമായ രീതിയിൽ മൂന്നാമതൊരു നൃത്തസംവിധാനംകൂടി ഭഗവാൻ ആസൂത്രണം ചെയ്തു പ്രദർശിപ്പിച്ച ഒരു നൃത്തവിശേഷമായിരുന്നു കാളിയമർദ്ദനം. ക്രോധത്താൽ പത്തി വിടർത്തി വിഷജ്വാലകളും വമിച്ചുകൊണ്ടു് പാഞ്ഞടുക്കുന്ന അതിഭയങ്കരനായ കാളിയനെന്ന സർപ്പത്തിന്റെ ഫണങ്ങളിൽ ചാടിക്കയറി, അവിടെനിന്നുകൊണ്ടു് താളലയാദികൾക്കൊപ്പിച്ചു കരചരണാദ്യവയവങ്ങൾ ചലിപ്പിച്ചുകൊണ്ടുള്ള ഭഗവാന്റെ ആ മനോഹരനടനം വിശേഷോത്തരമായ ഒരു കലാവിശേഷമല്ലേ? അതുപോലെതന്നെ സംഗീതത്തിലും അതുവരെയില്ലാതിരുന്ന ഒരു പുതിയ പ്രസ്ഥാനമാണു് വൃന്ദാവനത്തിലെ പക്ഷിമൃഗാദികളെക്കൂടി ആനന്ദസാഗരത്തിൽ ആറാടിച്ച ഭഗവാന്റെ "വേണുഗാനം". സാന്ദീപനിയുടെ കളരിയിൽ വച്ചാണു് ഭഗവാൻ യുദ്ധമുറകളെല്ലാം പഠിച്ചതെന്നു പറഞ്ഞുവല്ലോ. എന്നാൽ, അതിനുമുമ്പുതന്നെ അനേകായിരം ആനകളുടെ ബലമുള്ള കംസന്റെ കുവലയാപീഡത്തേയും, മുഷ്ടികൻ, ചാണൂരൻ മുതലായ മല്ലയുദ്ധ വിശാരദന്മാരേയും അടിച്ചുതറപററിച്ച ആയുധവൈദഗ്ദ്ധ്യം അദ്ദേഹത്തിനെവിടെനിന്നുകിട്ടി? ഈ വക കാര്യങ്ങളൊക്കെ ചിന്തിച്ചാൽ, സാന്ദീപനിയുടെ ആശ്രമത്തിൽ ചെന്നു പഠിച്ചതെല്ലാം കേവലം ഒരാചാരം മാത്രമായിരുന്നു, ഒരു പ്രഹസനം മാത്രമായിരുന്നു അതിന്റെയൊന്നും ആവശ്യം ഭഗവാനില്ലായിരുന്നു, എന്നു പ്രസ്പഷ്ടമാകുന്നതാണു്.

അതൊന്നും വേണ്ട; ഭഗവാൻ അർജ്ജുനനെ നിമിത്തമാക്കി മാനവലോകത്തിനു കൊടുത്ത ആ ഗീതോപദേശത്തിലേക്കൊന്നു കണ്ണോടിച്ചാൽ, കേവലം 64 ദിവസത്തെ ശിക്ഷണത്തിൽനിന്നുണ്ടായ ജ്ഞാനത്തിന്റെ പരിണിതഫലമാണു്, അതെന്നു ആർക്കു പറയാൻ സാധിക്കും? ഭഗവൽഗീതയോടുകിട പിടിക്കുന്ന മറെറാരുകൃതി ലോകസാഹിത്യത്തിൽ ഇന്നുവരെയുണ്ടായിട്ടില്ല; ഇനിയൊട്ടുണ്ടാകാൻ പോകുന്നുമില്ല. ഏതാണ്ടു് 5000 സംവത്സരങ്ങൾക്കു മുമ്പാണു്, ഭഗവാനാൽ ഗീത ഉപദേശിക്കപ്പെട്ടിട്ടുള്ളതു്. അതിനുശേഷം എത്രയോ കവികളും, സാഹിത്യകാരന്മാരും, ആചാര്യന്മാരും പണ്ഡിതന്മാരും ഗ്രന്ഥകാരന്മാരും ഇന്നുവരെയുണ്ടായിട്ടുണ്ടു്. അവരെക്കൊണ്ടൊന്നിനും ഗീതയെപ്പോലെ മഹത്തായ ഒരു ഗ്രന്ഥം ലോകസമക്ഷം അവതരിപ്പിക്കാൻ

കഴിഞ്ഞിട്ടില്ല. അദ്വൈതമതസ്ഥാപകനും, അപാരപണ്ഡിതനും, അത്യന്തം ബുദ്ധിമാനുമായിരുന്ന ശ്രീശങ്കരഭഗവൽപാദരെപ്പോലെയുള്ള ആചാര്യന്മാർകൂടി "അദ്വൈതാമൃതവർഷിണി"യായ ഭഗവൽഗീതയുടെ പാദത്തിൽ നതമസ്തകരായിരുന്നു, എന്നുപറഞ്ഞാൽ അതിന്റെ പ്രഭാവം എന്തായിരുന്നുവെന്നു് നമുക്കനുമാനിക്കാവുന്നതാണു്.

മററൊരുവിധത്തിൽ പറഞ്ഞാൽ, ശ്രീമദ് ഭഗവൽഗീത ഭഗവാന്റെ പ്രതിരൂപകംതന്നെയാണു്. "എന്നെ ഏതൊരാൾ ഏതു് ഭാവനയോടുകൂടി ഭജിക്കുന്നുവോ, അവനു് അതേരൂപത്തിൽ ഞാൻ കാണപ്പെടുന്നതാണു്", എന്നു് ഭഗവാൻ പറയുന്നുണ്ടു്:—

യേ യഥാമാം പ്രപദ്യന്തേ താം സ്തഥൈവ ഭജാമ്യഹം.

ഭഗവാനെ സംബന്ധിച്ചു് മാത്രമല്ല, ഭഗവൽഗീതയെ സംബന്ധിച്ചും ഇതു് ശരിയാണു്. അതിനെ ഏതു് വീക്ഷണകോണിൽകൂടി കാണുന്നുവോ, അതു് അതേരൂപത്തിൽ അവന്റെ മുൻപിൽ കാണപ്പെടുന്നതാണെന്നു് താല്പര്യം.

ശ്രീകൃഷ്ണന്റെ ഏററവും വലിയ വൈശിഷ്ട്യം, അദ്ദേഹത്തിന്റെ ജീവിതകാലത്തു്, അദ്ദേഹത്തിന്റെ സമകാലീനരായ വലിയ വലിയ ജ്ഞാനികളും, ധർമ്മാത്മാക്കളും, തപസ്വികളും, വീരശൂരപരാക്രമികളായ യോദ്ധാക്കളും—എന്നുവേണ്ട, അന്നത്തെ എണ്ണപ്പെട്ട സകല കേമന്മാരും ഭഗവാന്റെ മാഹാത്മ്യത്തെ മനസ്സിലാക്കുകയും, അദ്ദേഹത്തെ ഭക്തിബഹുമാനപുരഃസരം ആദരിക്കുകയും ചെയ്തിരുന്നുവെന്നതാണു്. വേദവ്യാസനെപ്പോലെയുള്ള താപസന്മാരും, ധർമ്മപുത്രരെപ്പോലെയുള്ള ധർമ്മിഷ്ഠന്മാരും, വിദുരനെപ്പോലെയുള്ള നീതിജ്ഞന്മാരും, ധൃതരാഷ്ട്രനെപ്പോലെയുള്ള സ്വാർത്ഥനിരതന്മാരും, ഭീമാർജ്ജുനസദൃശരായ യുദ്ധവീരന്മാരും, ഭീഷ്മപിതാമഹനെപ്പോലെയുള്ള ബ്രഹ്മചര്യവും, ക്ഷാത്രവീര്യവും തികഞ്ഞ രാജർഷിമാരും, കുന്തിയെപ്പോലെയുള്ള ജ്ഞാനവയോവൃദ്ധകളും ഭഗവാന്റെ പാദാരവിന്ദത്തിൽ ഈശ്വരബുദ്ധിയോടുകൂടി ഭക്തിപാരവശ്യത്താൽ വീണു് നമസ്കൃതി ചെയ്തിരുന്നു; ആനന്ദാശ്രുക്കൾകൊണ്ടു് അദ്ദേഹത്തിന്റെ ചരണകമലത്തെ പ്രക്ഷാളനം ചെയ്തിരുന്നു. ഈയൊരൊററ കാര്യംകൊണ്ടുതന്നെ അദ്ദേഹത്തെ പൂർണ്ണാവതാരമായി പരിഗണിക്കാവുന്നതല്ലേ?

ഭീഷ്മരുടെ പരാക്രമത്തെപ്പററി കേട്ടിട്ടില്ലാത്തവരാരുണ്ടു്? "ഇച്ഛാമരണ"നായിരുന്നു അദ്ദേഹം. അദ്ദേഹത്തെ ആയുധാഭ്യാസനവും, ആയോധനമുറകളും പഠിപ്പിച്ചതു് ഇരുപത്തൊന്നു് പ്രാവശ്യം ലോകം മുഴുവൻ ചുററിത്തിരിഞ്ഞു ക്ഷത്രിയവംശവിച്ഛേദം വരുത്തിയ വീരശിഖാമണിയായ ശ്രീപരശുരാമനാണു്. സർവ്വവിധ ദിവ്യാസ്ത്രങ്ങളുടേയും ജ്ഞാതാവും, പ്രയോക്താവുമായിരുന്നു ഭീഷ്മരു്. ഒരിക്കൽ തന്റെ ഗുരുഭൂതനായ പരശുരാമനാ

യിട്ടുകൂടിയും അദ്ദേഹം യുദ്ധംചെയ്തിട്ടുണ്ട്. അതിഭയങ്കരമായ ആ യുദ്ധം മുപ്പത്തിമൂന്നുദിവസം നീണ്ടുനിന്നെങ്കിലും ഒടുവിൽ ഭീഷ്മർ വിജയിച്ചതായി പരശുരാമൻതന്നെ പ്രഖ്യാപിക്കയും, അതിൽ അദ്ദേഹത്തെ പ്രശംസിച്ചനുഗ്രഹിക്കയും ചെയ്തു.

പ്രസ്തുത ഭീഷ്മപിതാമഹൻതന്നെയാണ് മഹാഭാരതയുദ്ധത്തിൽ പതിനൊന്നു ദിവസം ദുര്യോധനന്റെ സേനാധിപത്യം വഹിച്ചുകൊണ്ട് പാണ്ഡവസൈന്യത്തെ കൊടുങ്കാററിൽപ്പെട്ട പഞ്ഞിപോലെ പറപറപ്പിച്ചതു്. അദ്ദേഹത്തിന്റെ അസ്ത്രപ്രയോഗവൈദഗ്ദ്ധ്യത്തിന്റെമുൻപിൽ അർജ്ജുനന്റെ വീര്യപരാക്രമങ്ങളെല്ലാം അസ്തമിച്ചു. വലിയ വലിയ മഹാരഥന്മാരെല്ലാം തോററോടിത്തുടങ്ങി. ആകപ്പാടെ, പാണ്ഡവന്മാരുടെആശയും ആത്മവീര്യവും അപ്രത്യക്ഷപ്പെട്ടുവെന്നു മാത്രമല്ല; ഭഗവാൻ ശ്രീകൃഷ്ണന്റെ മുഖാരവിന്ദത്തിൽ കൂടി വിഷാദത്തിന്റെ നിഴൽ വീശിത്തുടങ്ങി. അദ്ദേഹത്തിനു തോന്നിത്തുടങ്ങി, ഏതാണ്ടു പാണ്ഡവസൈന്യത്തിന്റെ അന്ത്യകാലമടുത്തുവന്നു. ഒററ ദിവസംകൊണ്ടു സർവ്വദേവന്മാരേയും സകലദാനവന്മാരേയും സമൂലംനശിപ്പിക്കാൻ സാമർത്ഥ്യമുള്ളവനാണു് ഭീഷ്മരെന്നും, അദ്ദേഹത്തിന്റെ അതിമഹത്തായ പ്രഭാവത്തിന്റെ മുമ്പിൽ നിസ്സാരമായ ഈ പാണ്ഡവസൈന്യങ്ങളും, ഗാണ്ഡീവധാരിയായ അർജ്ജുനന്റെ വീര്യപരാക്രമങ്ങളുമെല്ലാം നിഷ്പ്രഭമാണെന്നും ഭഗവാൻ വിചാരിച്ചു. "ഏതൊരു സൈന്യത്തിന്റെ രക്ഷാഭാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്നുവോ, ആ സൈന്യം രക്ഷാപുരുഷനായ തന്റെ കൺമുമ്പിൽ വച്ചുതന്നെ നശിച്ചു നാമാവശേഷമാകുക ഏതൊരാളുടെ സാരഥിയായി താൻ യുദ്ധക്ഷേത്രത്തിൽ വന്നിരിക്കുന്നുവോ, ആ വില്ലാളിവീരനായ അർജ്ജുനൻ താൻ കണ്ടുകൊണ്ടുനില്ക്കത്തന്നെ ഭീഷ്മരാൽ പരാജിതനായി വീരസ്വർഗ്ഗം പ്രാപിക്കുക; ഇത്രയും ചിന്തിച്ചപ്പോഴേക്കും ഭഗവാന്റെ ഭാവംമാറി. ഈ ദുഷ്ടന്മാരായ ദുര്യോധനാദികളെ മുഴുവൻ സംഹരിച്ചു ഭൂമിഭാരം തീർക്കാൻതന്നെ ഞാൻ നിശ്ചയിച്ചു കഴിഞ്ഞു. എന്നു ഭഗവാൻ സാത്യകിയോടു പറഞ്ഞിട്ടു സുദർശനത്തെ സ്മരിക്കുകയും, ആ തേജോമയമായ ദിവ്യ ചക്രം ഉടൻതന്നെ അദ്ദേഹത്തിന്റെ തൃക്കയ്യിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. ചക്രപാണിയായ ഭഗവാൻ സംഹാരരുദ്രനെപ്പോലെ തേരിൽനിന്നു ചാടി ഭീഷ്മരുടെ നേക്കണഞ്ഞു.

ഉച്ചക്രവ്യമായി തന്റെ നേർക്കുപാഞ്ഞുവരുന്ന ഭഗവാനെ കണ്ടു ഭീഷ്മരൊന്നു മന്ദഹസിച്ചു. യാതൊരു ഭയവും പരിഭ്രമവുമില്ലാതെ അദ്ദേഹം ഭഗവാനോടു പറഞ്ഞു:— "അല്ലയോ, ഭഗവാനെ! വന്നാലും, വന്നാലും; അവിടേക്കു നമസ്കാരം! ദേവാധിദേവനും, ജഗദീശ്വരനും, ലോകനിയന്താവും, സർവ്വാന്തര്യാമിയുമായ ഹേ, ഭഗവൻ! അങ്ങേക്കു നമസ്കാരം! ഹേ, ചക്രപാണേ! അവിടുന്നു ബലാൽക്കാരമായി അടിയനെ ആക്രമിച്ചു ഈ തേരിൽനിന്നുകൊന്നു് വീഴ്ത്തിയാലും. ഹേ, സ്വാമിൻ! അവിടുന്നു ഇപ്പോൾതന്നെ

എൻെറ കഥ കഴിച്ചാലും. അവിടത്തെ കരകമലങ്ങളാൽ നിഹനിക്കപ്പെടുന്ന എനിക്ക് ലൌകികവും, പാരലൌകികവുമായ ശ്രേയസ്സും വിശ്വവിശ്രുതിയും കൈവരുന്നതാണ്. എന്നെ സംബന്ധിച്ചിടത്തോളം അങ്ങയുടെ കയ്യുകൊണ്ട് മരിക്കുന്നതിൽ കവിഞ്ഞ ഒരു സൌഭാഗ്യം, മറെറന്താണ്? "ഓ, ഭീഷ്മർ ധന്യൻതന്നെ, മഹാഭാഗ്യവാൻ തന്നെ", എന്ന് എന്നെക്കൊണ്ട് ആളുകൾ പറയട്ടെ. കാരണം, മഹാഭാരതയുദ്ധത്തിൽ ആയുധം തൊടുകയില്ലെന്ന് പ്രതിജ്ഞചെയ്ത ആ ഭഗവാൻതന്നെ വേണ്ടിവന്നില്ലേ, അദ്ദേഹത്തെ കൊല്ലാൻ!! അങ്ങനെ ജനങ്ങൾ എന്നെപ്പററി എന്നും പറയുമാറാകട്ടെ."

ശ്രീകൃഷ്ണൻെറ സ്വഭാവത്തേയും, സ്വരൂപത്തേയും, തത്വത്തേയും, മഹത്വത്തേയും ഭീഷ്മരെപ്പോലെ അറിയാവുന്നവരാരുമില്ല. ഭഗവാൻെറ രഹസ്യത്തെപ്പററി അദ്ദേഹം അതീവ സുപരിചിതനാണ്, ഈ നിലക്ക് മുകളിൽ ഉദ്ധരിച്ച ഭീഷ്മരുടെ വാക്യത്തിൽ നിന്ന് ഭഗവാൻെറ പ്രഭാവത്തെപ്പററി നമുക്കേതാണ്ടൊന്ന് മനസ്സിലാക്കാം. ഭീഷ്മരുടെ ബ്രഹ്മചര്യത്തിൻെറ വലിപ്പവും, ജ്ഞാനത്തിൻെറ കൂടുതലും, ബലവീര്യപരാക്രമങ്ങളുടെ ആധിക്യവും മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അങ്ങിനെയുള്ള ഭീഷ്മപ്രഭാവനായ ഭീഷ്മരുടെ വാക്കുകളിൽനിന്ന്, അദ്ദേഹത്തിന്ന് ആ ഭഗവാനിലുള്ള ശ്രദ്ധാഭക്തി ബഹുമാനങ്ങൾ എത്രമാത്രമാണെന്ന് വിചാരിച്ചുനോക്കുക. ഒററദിവസംകൊണ്ടുതന്നെ, സകല ദേവദാനവഗന്ധർവ്വാദികളെ മുഴുവൻ ഭസ്മീകരിക്കത്തക്ക സാമത്ഥ്യമുള്ള ഭീഷ്മർ, താൻ ഇച്ഛാമരണനാണെന്നുകൂടി അറിഞ്ഞിരുന്നിട്ടും, ആ ഭഗവാൻെറ മുഖഭാവം മാറിക്കണ്ടപ്പോൾ തനിക്കിനി രക്ഷയില്ലെന്ന് നിശ്ചയിച്ചുകഴിഞ്ഞു. എന്നുമാത്രമല്ല; ഭഗവാൻെറ കയ്യാൽ മരണം പ്രാപിക്കയെന്നത്, ഒരു മഹാഭാഗ്യമായിട്ടും അദ്ദേഹം കരുതി. ഈവക സംഭവങ്ങളുടേയും, സംഭാഷണങ്ങളുടേയും വെളിച്ചത്തിൽ, സഹൃദയരായ വായനക്കാർതന്നെ ശ്രീകൃഷ്ണൻെറ അപ്രമേയപ്രഭാവത്തെപററി അനുമാനിച്ചുകൊള്ളുക.

പ്രസ്തുത സന്ദർഭത്തിൽ ഭീഷ്മർ ഭഗവാനെ "സർവ്വശരണ്യൻ" എന്നുകൂടി ഭാരതത്തിൽ സംബോധന ചെയ്യുന്നുണ്ട്. അദ്ദേഹം കരുതിക്കൂട്ടി വ്യംഗ്യാത്ഥത്തിൽ ഭഗവാനെ ഒന്നു കളിയാക്കുകയായിരുന്നു എന്നുവേണം ആ സംബോധനകൊണ്ട് വിചാരിക്കാൻ. അതായത് അങ്ങ് സർവ്വശരണ്യനാണ്, സകലക്കും ശരണം കൊടുക്കുന്നവനാണ്. അങ്ങയുടെ ദൃഷ്ടിയിൽ സർവ്വരും സമന്മാരാണ്. ഞാനും അർജ്ജുനനും തുല്യമാണ് അഥവാ തുല്യമായിരിക്കണം. എൻെറ ഭക്തി അർജ്ജുനൻെറ ഭക്തിയേക്കാൾ കുറഞ്ഞതരത്തിലുള്ളതാണോ? പിന്നെ എന്തുകൊണ്ടാണ്, എൻെറ നേരെ കലികൊണ്ട് എടുത്തുചാടിയിരിക്കുന്നത്? സർവ്വശരണ്യത്വമെന്ന് പറയുന്നത് ഇതിന്നാണോ? എന്ന് താല്പര്യം.

യുധിഷ്ഠിരൻെറ രാജസൂയയജ്ഞത്തിൽ അഗ്രപൂജക്ക് അധികാരി ആരാണ്; എന്ന പ്രശ്നം ആവിർഭവിച്ചു. ഇതുസംബന്ധിച്ച്, ജ്ഞാനവൃദ്ധനും, വ

വയോവൃദ്ധനും, വിദ്യാവൃദ്ധനും, പരാക്രമവൃദ്ധനുമായ ഭീഷ്മപിതാമഹനെത്തന്നെ സമീപിച്ചു ധർമ്മപുത്രൻ അഭിപ്രായം ചോദിച്ചു് ഭീഷ്മർ അല്പം ചിന്തിച്ചിട്ടു് മറുപടി പറഞ്ഞു:—

ഏഷഹ്യേഷാം സമസ്താനാം തേജോബലപരാക്രമൈഃ
മദ്ധ്യേതപന്നിവാഭാതി ജ്യോതിഷാമിവ ഭാസ്കരഃ
അസൂര്യമിവ സൂര്യ്യേണ നിർവ്വാതമിവ വായുനാ
ഭാസിതം ഹ്ളാദിതം ചൈവ കൃഷ്ണേനേദം സദോഹിനഃ

ഇവിടെ ഉപസ്ഥിതരായിരിക്കുന്ന സമസ്തരാജാക്കന്മാരുടേയും ബലവീര്യപരാക്രമങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ടു് നക്ഷത്രമണ്ഡലത്തിൽ സൂര്യനെപ്പോലെ വിരാജിച്ചരുളുന്ന, ഈ ശ്രീകൃഷ്ണഭഗവാൻ തന്നെയാണു് സവ്പ്രഥമനായ പൂജനീയൻ. ഈ ലോകം എപ്രകാരം സൂര്യനാലും വായുവിനാല്ലും പ്രകാശിതവും പ്രശാന്തസുന്ദരവുമായിരിക്കുന്നുവോ, അപ്രകാരം ഭഗവാനാൽ ഈ സദസ്സും പ്രഭാസിതവും പ്രമോദിതവുമായിരിക്കുന്നു. ഇവിടെ കാണുന്നതും കേൾക്കുന്നതുമായ സർവ്വവും ഭഗവാന്റെ പ്രഭാവംകൊണ്ടു് മാത്രമാണെന്നു് താല്പര്യം. അദ്ദേഹത്തിന്റെ അഭാവത്തിൽ ഇതെല്ലാം സൂര്യനും വായുവുമില്ലാത്ത ലോകംപോലെ കേവലം ശൂന്യമത്രെ.

ഇതുകേട്ടു് ശിശുപാലൻ ചൊടിച്ചു. പല്ലുകടിച്ചുകൊണ്ടു് ചാടിയെഴുന്നേററു. അദ്ദേഹം ഭീഷ്മരേയും ശ്രീകൃഷ്ണനേയും ശകാരവാക്ശരങ്ങൾകൊണ്ടു് അഭിഷേകംചെയ്തു. ശിശുപാലന്റെ അധിക്ഷേപവാക്കുകൾ കേട്ടു് സഹികെട്ടപ്പോൾ ഭീഷ്മരെഴുന്നേററു് ഇങ്ങിനെ പറഞ്ഞു:—

വേദവേദാംഗ വിജ്ഞാനം ബലം ചാഭ്യധികം തഥാ
നൃണാം ലോകേഹി കോഽന്യോഽസ്തി വിശിഷ്ടഃ കേശവാദൃതേ.
കൃഷ്ണ ഏവ ഹി ഭൂതാനാമുല്പത്തിരപി ചാവ്യയഃ
കൃഷ്ണസ്യഹി കൃതേവിശ്വമിദം ഭൂതം ചരാചരം.
ഏഷ പ്രകൃതിരവ്യക്താ കർത്താ ചൈവ സനാതന
പരശ്ച സർവ്വഭൂതേഭ്യസ്തസ്മാൽ പൂജ്യതമോഽച്യുതഃ
ബുദ്ധിർമ്മനോ മഹദ്വായുസ്തേജോംഭഃ ഖം മഹീ ച യാ
ചതുർവ്വിധം ച യദ്ഭൂതം സർവ്വം കൃഷ്ണേ പ്രതിഷ്ഠിതം.

മഹാഭാരതം സഭാപർവ്വത്തിൽ, ഇപ്രകാരം ശ്രീകൃഷ്ണന്റെ അപദാനങ്ങളെപ്പററി പ്രകീർത്തിച്ചും, അദ്ദേഹംതന്നെയാണു് അഗ്രപൂജക്കർഹനെന്നു് സമർത്ഥിച്ചും, ശിശുപാലന്റെ അഹംകാരത്തേയും അറിവില്ലായ്മയേയും കുറിച്ചു് ഖേദിച്ചും ഭീഷ്മർ വളരെയധികം പറയുന്നുണ്ടു്. വിസ്തരഭയത്താൽ അതിലേക്കു് കടക്കുന്നില്ല. സഹദേവൻ മുതലായ സജ്ജനങ്ങളും ഭീഷ്മരുടെ ഈ അഭിപ്രായത്തെ സമർത്ഥിച്ചു് സംസാരിച്ചു. അതുകൊണ്ടൊന്നും ശിശുപാലൻ അടങ്ങിയില്ല. അദ്ദേഹത്തെ ശരിവക്കാനും സഹായിക്കാനും ദുഷ്ടന്മാരും ദുർബ്ബുദ്ധികളുമായ കുറച്ചു് രാജാക്കന്മാരും തയ്യാറായി. രണ്ടഭിപ്രായമില്ലാ

ത്ത സംഗതിയില്ലല്ലോ. എന്നാൽ, അവരെല്ലാം ഭഗവാന്റെ വിധംമാറിയപ്പോൾ പുറകോട്ടുമാറി. സുദർശനംകൊണ്ടു് ശിശുപാലന്റെ ശിരസ്സും പോയി.

പാണ്ഡവന്മാർക്കുവേണ്ടി ദുര്യോധനനോടു് സന്ധിപറയാൻ ഭഗവാൻ തന്നെ പുറപ്പെട്ടു. പാണ്ഡവദൂതനായി ഹസ്തിനാപുരിയിൽ ചെന്ന ഭഗവാനെ ദുര്യോധനാദികൾ വേണ്ടവിധം സ്വീകരിച്ചില്ലെന്നു് മാത്രമല്ല; കർണ്ണൻ, ശകുനി, ദുശ്ശാസനൻ മുതലായവരുടെ പ്രേരണയാൽ സന്ധിസംഭാഷണമെല്ലാം തകർക്കുകയും, അവസാനം ഭഗവാനെ അക്ഷേപിക്കണമെന്നു് നിശ്ചയിച്ചു് ദുര്യോധനൻ ഒരു വൃഥാശ്രമം നടത്തി പരാജയപ്പെടുകയും ചെയ്തു. ശ്രീകൃഷ്ണനെ അവിടെവച്ചു് ബന്ധനസ്ഥനാക്കണമെന്നുകൂടി അവർ ആലോചിച്ചുറച്ചിരുന്നു. ഈ വിവരമറിഞ്ഞു് വൃദ്ധന്മാരായ കൌരവന്മാർ വിശിഷ്യം ധൃതരാഷ്ട്രമഹാരാജാവുതന്നെ തന്റെ പുത്രനായ ദുര്യോധനനേയും മറ്റും വിളിച്ചു് വളരെയധികം ഗുണദോഷിച്ചു. ഭഗവാൻ സാക്ഷാൽ മഹാവിഷ്ണുതന്നെയാണെന്നും, അദ്ദേഹത്തെ ബന്ധിക്കാൻ ആരെക്കൊണ്ടും സാദ്ധ്യമല്ലെന്നും, ഇന്ദ്രാദിദേവകൾക്കുകൂടി അദ്ദേഹം അപ്രധൃഷ്യനാണെന്നും, ആ ഭഗവാനെ ബന്ധിച്ചുകളയാമെന്നുള്ള നിന്റെ വിചാരം മുലകുടിമാറാത്ത കുട്ടികൾ ചന്ദ്രനെ പിടിക്കാൻ കൈനീട്ടുന്നതുപോലെയാണെന്നും, ധൃതരാഷ്ട്രരും വിദുരരും മറ്റും ദുര്യോധനാദികളോടു് പറഞ്ഞു. പക്ഷെ, ദുര്യോധനൻ അവയൊന്നും ചെവിക്കൊണ്ടില്ല. അവസാനം ഭഗവാൻ തന്റെ വിരാഡ്രൂപം അവിടെ പ്രദർശിപ്പിക്കുകയും അതുകണ്ടു് ദുര്യോധനൻ, കർണ്ണൻ, ദുശ്ശാസനൻ മുതലായവർ ഭയചകിതരായി മോഹലസ്യപ്പെട്ടു് വീഴുകയും, മറ്റുള്ളവർ ആശ്ചര്യനിമഗ്നരായി ഭഗവാനെ മുക്തകണ്ഠം സ്തുതിക്കുകയും ചെയ്തു. ഇതിനുശേഷം ഭഗവാൻ അവിടെനിന്നു് യാത്രതിരിച്ചു. അദ്ദേഹത്തെ അനുഗമിച്ചുകൊണ്ടു്, ഭീഷ്മർ, വിദുരർ മുതലായ വയോവൃദ്ധരെല്ലാം കുറച്ചുദൂരംവരെ ഭഗവാന്റെ സ്തുതിപാഠകന്മാരായി പോവുകയും, ഒടുവിൽ യാത്രപറഞ്ഞു് അദ്ദേഹത്തെ ദണ്ഡനമസ്കാരം ചെയ്തു് തിരികെ പോരികയും ചെയ്തു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു് ശ്രീകൃഷ്ണൻ അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ അദ്ദേഹത്തിന്റെ സമകാലീനരായ സർവ്വയോഗ്യന്മാരാലും അവതാരപുരുഷനായി അറിയപ്പെട്ടിരുന്നുവെന്നും, എല്ലാവരും ഭഗവാനിൽ ഭയഭക്തിവിശ്വാസമുള്ളവരായിരുന്നുവെന്നും തെളിയുന്നുണ്ടു്. സജ്ജനമദ്ധ്യത്തിൽ അദ്ദേഹം സർവ്വാരാദ്ധ്യൻതന്നെയായിരുന്നു. ചുരുക്കത്തിൽ, അദ്ദേഹത്തെ ഭഗവദവതാരമായി സർവ്വത്ര അംഗീകരിച്ചിരുന്നുവെന്നു് സാരം. എന്നാൽ, ശ്രീരാമനെ അദ്ദേഹത്തിന്റെ ജീവിതകാലത്തു് ഒരവതാരപുരുഷനായി അധികമാളുകളും കരുതി ആരാധിച്ചിരുന്നില്ല. ഇതാണു്, ശ്രീരാമനും ശ്രീകൃഷ്ണനും തമ്മിലുള്ള അന്തരം. (ശ്രീകൃഷ്ണാർപ്പണമസ്തു.)

(കല്യാൺ വായിച്ചിട്ടു്)

# "അമ്മ"

പി. കുഞ്ഞിരാമൻ നായർ.

താമസബാധയൊഴിഞ്ഞു — ലോക
മാനന്ദബാഷ്പം ചൊരിഞ്ഞു
താമര നീൾക്കണ്ണുതാനേ — യൊന്നു
നീ മിഴിക്കോമന്മകനേ!
നിന്മുഖം കണ്ടനാളമ്മ — ക്കാദ്യ
മംഗളോഷസ്സായിരുന്നു!
അത്രകൊതിച്ചിതിച്ചുണ്ടി — ലമ്മ
യെന്നരണ്ടക്ഷരം കേൾക്കാൻ
രാവെത്തിബോധം കെടുത്തി — വാഴ്
മീവിഷ മൂർച്ഛയ്ക്കുശേഷം.
നിൻവിളികേൾക്കകകൊണ്ടു — വിണ്ണിൽ
നിന്നും — മറുനാട്ടിൽ നിന്നും —
ഓടിപ്പിടഞ്ഞെത്തിഞാനീ — ങ്ങാധി
തോടും കിരണം കണക്കെ!
ഓർക്കുന്നതില്ല നീയെന്നാ — ലമ്മ
യോർക്കുന്നു രാപ്പകൽ നിന്നെ
കാണുന്നതില്ല നിയെന്നാ — ലമ്മ
കാണുന്നു രാപ്പകൽ നിന്നെ
അമ്പിൽ നിൻ നെററി മുകരു — ന്നമ്മ
പാർവ്വണചന്ദ്രനിൽക്കൂടി
തെന്നലാം കൈ നീയൊന്നു — മമ്മ
നിന്നുതഴുകുന്നു നിന്നെ
വീക്ഷിപ്പൂനിന്മുഖം തേടി — ദീപ്ത
നക്ഷത്രകോടിയിൽക്കൂടി.
വന്നിരിക്കുന്നു ഞാൻ വീണ്ടു — മമ്മ
യെന്നുള്ള നിൻവിളികേൾക്കാൻ
താമസബാധയൊഴിഞ്ഞു — ലോക
മാനന്ദ ബാഷ്പം ചൊരിഞ്ഞു
താമരനീൾക്കണ്ണുതാനേ — യൊന്നു
നീ മിഴിക്കോമന്മകനേ!

— * —

സിലോൺ ചരിത്രകഥകൾ

# ജാഫ്ന അഥവാ യാൾപണനാട്

ഉദ്ദേശം മൂവ്വായിരം കൊല്ലങ്ങൾക്കു മുമ്പ് ലങ്കക്കു സിംഹളം എന്ന പേരുണ്ടായിരുന്നില്ല. ആ കാലത്തു അവിടത്തെ നിവാസികൾ വെറും രാക്ഷസപ്രകൃതിയോടുകൂടിയവരായിരുന്നു. ഉത്തരേന്ത്യയിലെ സിംഹബാഹു എന്ന രാജാവിന്റെ പുത്രൻ വിജയബാഹുവും അദ്ദേഹത്തിന്റെ അനുചരന്മാരും ആകസ്മികമായ് ഈ ഭൂപ്രദേശത്തെത്തുകയും, അവർ തദ്ദേശവാസികളെ കീഴടക്കി രാജ്യം ഭരിക്കുകയും ചെയ്തു. അന്നു മുതല്ക്കാണ് ലങ്കക്കു സിംഹളം എന്ന പേരുണ്ടായതു്. ഇംഗ്ലീഷുകാരുടെ വരവോടുകൂടി സിംഹളം സിലോണുമായി.

വിജയ ബാഹുവിന്റെ ഭാൎയ്യ പാണ്ഡ്യരാജാവിന്റെ പുത്രിയായിരുന്നു. അദ്ദേഹത്തിന്റെ അനുചരന്മാരുടെ ഭാൎയ്യമാരും പാണ്ഡ്യദേശത്തുകാരായിരുന്നു. ഈ കാരണങ്ങളെ അടിസ്ഥാനമാക്കിയാണ് അതിപ്രാചീനകാലം മുതല്ക്കു ദക്ഷിണ ഭാരതീയർ (തമിഴർ) സിംഹളത്തിൽ കുടിയേറി പാൎത്തു വരുന്നതു്.

സിലോണിലെ ഏററവും വടക്കുഭാഗത്തുള്ള പ്രദേശമാണ് ജാഫ്ന. ഇതിന്റെ ശരിയായ പേർ "യാൾപണംനാട്" എന്നാണ്. പാശ്ചാത്യരുടെ ആധിപത്യത്തോടുകൂടിയാണ് "യാൾപണം ജാഫ്"നായായതു്. ഇതിനെ ചിലർ ജാപ്പാണം എന്നും പറയാറുണ്ടു്. തമിഴിൽ "യാൾ" എന്ന പദത്തിനു സംഗീതം എന്നും "പണം" എന്നതിന്നു കവി അഥവാ വിദ്വാൻ എന്നുമാണ് അൎത്ഥം. അതിനാൽ ഈ സ്ഥലമാററത്തിന്റെ ഉല്പത്തി ഒരു സംഗീത വിദ്വാനിൽ നിന്നാണെന്നു തെളിയുന്നുണ്ടു്. ഈ സംഗീത വിദ്വാൻ ആർ?

പണ്ടു പാണ്ഡ്യനാട്ടിൽ ഉത്തമൻ എന്ന പേരോടുകൂടിയ ഒരു മഹാനുണ്ടായിരുന്നു. അദ്ദേഹം ഒരു സിദ്ധനും സംഗീത സാഹിത്യാദികലകളിൽ അതീവ നിപുണനുമായിരുന്നു. വിദ്വാന്മാൎക്കു സഹജമായ ദാരിദ്ര്യം ഉത്തമനേയും വിട്ടൊഴിച്ചില്ല. അദ്ദേഹം ജന്മാന്ധനായതുകൊണ്ടു വീട്ടിന്നു പുറത്തു ചെന്നു ഉപജീവനം നേടുവാനും സാധിച്ചിരുന്നില്ല. പല ദിക്കുകളിൽനിന്നും പലരും വന്നു അദ്ദേഹത്തെ പാട്ടുകച്ചേരിക്കു ക്ഷണിച്ചിരുന്നു. എന്നാൽ പിൻപാട്ടിനോ പക്കമേളത്തിന്നോ യാതൊരാളേയും കിട്ടാത്തതുകൊണ്ടു അദ്ദേഹത്തിന്നു പാട്ടുകച്ചേരി നടത്താൻ നിൎവ്വാഹമില്ലാതായി. വാദ്യമേളക്കാർ ആ നാട്ടിൽ ഇല്ലാഞ്ഞിട്ടല്ല; ഉത്തമന്റെ അമാനുഷിക പ്രാഭവംകൊണ്ടു് ആരും അദ്ദേഹത്തോടൊപ്പം ചെന്നിരിക്കുവാൻ ധൈൎയ്യപ്പെട്ടില്ല. എല്ലാവരും അദ്ദേഹത്തെ സരസ്വതിയുടെ അവതാരമായിട്ടാണ് കരുതിയതു്.

ഇതുകാരണം ഉത്തമനു തീരെ സമ്പാദ്യമില്ലാതെ നിത്യദാരിദ്ര്യത്തിൽത്തന്നെ കഴിയേണ്ടിവന്നു. വീട്ടിലിരുന്നു വല്ലവരേയും പഠിപ്പിക്കുന്നതിൽനിന്നു വല്ലതും കിട്ടുന്നതുകൊണ്ടു ഉത്തമൻ ജീവിതം നയിച്ചുവന്നു.

ഉത്തമൻെറ ഭാര്യയാകട്ടെ, ദുരമൂത്ത ഒരു സ്ത്രീയായിരുന്നു. ജാത്യാന്ധനാണെങ്കിലും വലിയ വിദ്വാനായതുകൊണ്ടു് നല്ല സമ്പാദ്യമുണ്ടാകുമെന്നു് കരുതിയാണു് ആ സ്ത്രീ അദ്ദേഹത്തെ വിവാഹം ചെയ്തതു്. അനുഭവം മറിച്ചായി കണ്ടപ്പോൾ അവൾ അദ്ദേഹത്തെ രാപ്പകൽ ചീത്തപറഞ്ഞു് അലട്ടിത്തുടങ്ങി. ബുദ്ധികെട്ട ആ സ്ത്രീയുടെ പണത്തിലുള്ള അത്യാർത്തിയും ചാപല്യവും കണ്ടു് അദ്ദേഹത്തിന്നു് ചിരിവന്നതേയുള്ളു. ഒടുവിലൊടുവിൽ അവളുടെ ഭത്സനം അസഹ്യമായിത്തീൎന്നു് അദ്ദേഹം അവളോടു് ഇപ്രകാരം പറഞ്ഞു.

"മതി, നിൻെറ ശകാരം. കേട്ടുകേട്ടു് എൻെറ മനസ്സു് മടുത്തു. ഇനി നിനക്കു് എന്നെക്കൊണ്ടു് യാതൊരുപദ്രവവും വേണ്ട. ഞാൻ ലങ്കയ്ക്കു് പോകയാണു്. തിരിച്ചുവരുമെന്നു് ഭയപ്പെടേണ്ട".

"ഓഹോ! നിങ്ങൾ ലങ്കയ്ക്കു് പോകയാണല്ലേ. എനിക്കു് യാതൊരു വിരോധവും ഇല്ല. അവിടെച്ചെന്നു് രാജാവായി കൊമ്പനാനപ്പുറത്തു് കയറി സവാരിചെയ്തു് സുഖിച്ചിരുന്നോളൂ" എന്നിങ്ങനെ പരിഹസിച്ചുംകൊണ്ടു് അവൾ മറുപടിപറഞ്ഞു.

ഉത്തമൻ ചിലരുടെ സഹായത്താൽ ലങ്കയിൽ എത്തി. ആ സമയത്തു് വലഗംബ എന്ന സിംഹളരാജാവിനെ യുദ്ധത്തിൽ തോല്പിച്ച തമിഴരാജാവു് അഞ്ചാമത്തെ ആൾ അനുരാധപുരത്തിരുന്നു് രാജ്യം ഭരിക്കുകയായിരുന്നു. അല്പദിവസംകൊണ്ടു് ഉത്തമൻ ആ നാട്ടിൽ സുപ്രസിദ്ധനായിത്തീൎന്നു. അദ്ദേഹത്തിൻെറ സംഗീതവൈദഗ്ദ്ധ്യം കേട്ടറിഞ്ഞ രാജാവിന്നു് ഉത്തമൻെറ പാട്ടുകേട്ടാൽ കൊള്ളാമെന്നു് അതിയായ ആഗ്രഹം ജനിച്ചു. എന്നാൽ അന്ധനായ ഒരാളെ മുഖത്തുനോക്കുന്നതു് ശാസ്ത്രവിരോധമാണെന്നറിവുള്ള രാജാവു് തൻെറ ആഗ്രഹനിവൃത്തിക്കായി എന്തുവേണ്ടുവെന്നറിയാതെ വളരെ പരിതപിച്ചു. ഈ വിവരം മന്ത്രി മനസ്സിലാക്കി. രാജാവിന്നു് ഉത്തമൻെറ സംഗീതം ആസ്വദിക്കുവാൻ ഒരു വഴി കണ്ടുപിടിച്ചു. രണ്ടാളും ഇരിക്കുന്നതിന്നിടയിൽ ഒരു മറകെട്ടുക എന്നതാണു് മന്ത്രി കണ്ടുപിടിച്ച സൂത്രം. ഇതു് രാജാവിന്നു് വളരെ ബോധിച്ചു. അങ്ങനെ ഉത്തമനെ മറക്കകത്തു് പ്രവേശിപ്പിച്ചു.

"അമാനുഷനാണു് ഈയ്യാൾ എന്നല്ലേ എല്ലാവരും പറയുന്നതു്. അതൊന്നു പരീക്ഷിച്ചറിയണം" എന്നു് രാജാവു് തീർച്ചയാക്കി. അദ്ദേഹം മറയ്ക്കുമറുവശത്തുവന്നു് വസ്ത്രാഢംബരങ്ങളെല്ലാം മാററി ഒരു യോദ്ധാവി

ൻെറ വേഷത്തിൽ വില്ലും അമ്പും കയ്യിൽപിടിച്ചു് നിന്നു; അദ്ദേഹത്തെപ്പററി പാടുവാൻ ആജ്ഞാപിച്ചു. കോദണ്ഡം കയ്യിൽ ധരിച്ച വില്ലാളിവീരനായ ശ്രീരാമനെ ഉപമയാക്കി രാജാവിനെ സ്തുതിച്ചുകൊണ്ടു് ഭാഗവതർ പാടി. പാട്ടുകേട്ടു് സന്തുഷ്ടനായ രാജാവു് വേഗം ആ വേഷംമാററി തൻെറ ഭാര്യയുടെ ഉടുപ്പുടവയണിഞ്ഞു് വീണ്ടും ഭാഗവതരോടു് വേറൊരു പാട്ടുപാടാനാജ്ഞാപിച്ചു. ഭാഗവതരാകട്ടെ ഒട്ടും താമസിക്കാതെ പതിവ്രതയും സുന്ദരിയും സർവ്വാലങ്കാരവിഭൂഷിതയുമായ ഒരു രാജസ്ത്രീയിനെ വർണ്ണിച്ചുകൊണ്ടു് പാടി. ഒടുവിൽ രാജാവു് സ്വന്തം വേഷത്തിലിരുന്നപ്പോഠം ഒരു മഹാരാജാവിനെ വർണ്ണിച്ചുകൊണ്ടുള്ള ഒരു പാട്ടാണു് ഉത്തമൻ പാടിയതു്.

രാജാവിന്നു് ഇതിൽപരം സന്തോഷം വരേണ്ടതില്ല. ഉത്തമൻെറ സംഗീതമാധുര്യ്യം രാജാവിനെ ഏററവും ആനന്ദഭരിതനാക്കി; ഭാഗവതരുടെ ആത്മജ്ഞാനവും, ദിവ്യദൃഷ്ടിയും രാജാവിനെ അദ്ദേഹത്തിൻെറ ഭൃത്യനാക്കി എന്നു് പറയുന്നതു് സത്യമായിരിക്കും. അന്ധനെ കണ്ടുകൂടാ എന്ന ആപ്തവാക്യത്തെ പരിഗണിക്കാതെ രാജാവു് പെട്ടെന്നു് മറവലിച്ചുനീക്കി ഉത്തമനെ സാഷ്ടാംഗം നമസ്കരിച്ചു ലങ്കക്കു് ഉത്തരഭാഗത്തുള്ള "മണൽത്തിടൽ" എന്ന പ്രദേശം മുഴുവനും ഉത്തമന്നു് സമ്മാനിച്ചു. രാജാവു് നമ്മുടെ ഭാഗവതരെ വലുതായ ഒരു കൊമ്പനാനപ്പുറത്തു് കയററി കൊട്ടുവാദ്യത്തോടുകൂടി മണൽത്തിടൽ പ്രദേശത്തുചെന്നു് അദ്ദേഹത്തെ അവിടുത്തെ രാജാവായി വാഴിച്ചു. ഉത്തമൻ ആനപ്പുറത്തു് ഇരുന്നുംകൊണ്ടുതന്നെ സ്വരാജ്യത്തേക്കു് ഗമിച്ചു അതിനുമുമ്പായിതന്നെ ഉത്തമന്നു് ലഭിച്ച രാജകീയ ബഹുമതികളെക്കുറിച്ചു് നാട്ടിൽ എല്ലാവരും മനസ്സിലാക്കിയിരുന്നു. വമ്പിച്ച സ്വത്തും ഭൂമിയും നേടി കൊമ്പനാനപ്പുറത്തിരുന്നുവരുന്ന ഭർത്താവിനെ കണ്ടു് അത്യന്തം ഭയപരവശയായി ഏതുൽ പര്യ്യന്തം താൻ പറഞ്ഞതും കാണിച്ചതുമായ നീചത്തരങ്ങളെപ്പററി പശ്ചാത്തപിച്ചു. ഭാര്യ്യ അദ്ദേഹത്തിൻെറ കാല്ക്കൽ വീണു് നമസ്കരിച്ചു. പണം നശിച്ചാൽ ഭർത്താക്കന്മാരെ ആട്ടിപ്പുറത്താക്കുകയും പണമുണ്ടായാൽ തഴുകി ലാളിക്കുകയും ചെയ്യുന്ന സ്ത്രീസ്വഭാവത്തെപ്പററി നാട്ടുകാർ വളരെ പുഛിച്ചു. ആ സ്ത്രീയുടെ പ്രവൃത്തി ഏദയപൂർവ്വമുള്ളതല്ലെന്നവർ പറഞ്ഞു. അനേകായിരം ആളുകഠം ഉത്തമനോടൊപ്പം മണൽത്തിട്ടിൽ ചെന്നു് കുടിയേറിപ്പാർത്തു. ക്രമേണ ആ പ്രദേശം അത്യന്തം ഫലഭൂയിഷ്ഠമായി ഭവിച്ചു. ഈ ഉത്തമനായ ഭാഗവതരിൽ നിന്നാണു് ജാഫ്നക്കു് യാഠംപ്പണം എന്ന പേരുണ്ടായതു്.

# യമുനാതീരത്തിൽ

ചാത്തനാത്ത് അച്യുതമേനോൻ

അഴലലനീക്കും പുല്ലാങ്കുഴലിൽ
പൊഴിയും നിരുപമഗീതവുമായ്
കരുണാം മസൃണകടാക്ഷം തൂകീ
ട്ടരികിൽ വരൂ നീ കാർവർണ്ണാ!

യമുനാതീരം നീർത്തിയ നിർമ്മല—
ഹരിതതലത്തിൻ മൃദുലതയിൽ
വെല്ലൽപരിമള മലർ നിര ചൂടിയ
വല്ലിപ്പടരുകളുലയുമ്പോൾ
മഞ്ജുനികുഞ്ജക സദനങ്ങളിലാ
പൂങ്കോകിലരവ മുയരുമ്പോൾ
പിച്ചിപ്പൂക്കളിലൂടൊഴുകീടും
സ്വച്ഛതതന്നലതത്തുമ്പോൾ
നേരിയമൂടൽ മഞ്ഞുപുതച്ചണി
നീലനിലാവു ചിരിക്കുമ്പോൾ
ലോലമദാലസലോചനമോടെ
പാടല മൃദുലാധരമോടെ
മോഹനഭാവന പുണരും ഗോപിക
മാരണിയും മലർമാലികയായ്
രാസവിലാസവിലോലത തേടിയ
വാസവപൂജിത, കനിയാവൂ!
വൃന്ദാവനതട സീമയിലാടിയ
നന്ദകുമാരക! കനിയാവൂ!
ഗോപീഹൃദയ പ്രേമമുണർത്തിയ
ഗോവർദ്ധനധര, കനിയാവൂ!

മാമകജീവിതമഞ്ജുളമലരിൽ
തൂമധുതൂകൂ കാർവർണ്ണാ!
മാമകമാനസവേണു വിലൂടൊരു
ഗാനമൊഴുക്കൂ കാർവർണ്ണാ!
അലിയട്ടെ മമജീവിതമതി—ലൊരു
നിരുപമശാന്തി കിളുക്കട്ടെ.
മുഴുകട്ടെ മമ ജീവിതമതി; ലെ–
ന്നിരുളിൻ വേദനയടരട്ടെ!

— * —

# ഒരു സന്തോഷവാർത്ത

വെങ്ങുന്നാട്ട് സ്വരൂപം (കൊല്ലങ്കോട്ട്) ശ്രീ പത്മനാഭ രവിവർമ്മ വലിയ രാജാവവർകൾ മാസികത്തിന്റെ ഒരു ആയുഷ്ക്കാലമെമ്പറായി ചേർന്നിട്ടുള്ളതിൽ ഞങ്ങൾ അത്യന്തം സന്തോഷിച്ചു ഞങ്ങളുടെ അകൈതവ നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

തുഞ്ചൻ സ്മാരക പ്രബന്ധമത്സരപ്പരീക്ഷാ ഫണ്ടിലേക്ക് കുഴൽമന്ദം സി. എം. സെക്കണ്ടറി സ്കൂൾ അദ്ധ്യാപകാദ്ധ്യേതാക്കൾ സന്തോഷപൂർവ്വം ആദ്യത്തെ തവണ നൂററമ്പതുറുപ്പിക സംഭാവന തന്നിട്ടുള്ളതിൽ ഞങ്ങൾ അവരെ ഹൃദയപൂർവ്വം അഭിനന്ദിച്ച് വന്ദനം പറയുന്നു.

മററുള്ളവർക്ക് ഇതൊരു മാതൃകയായിരിക്കട്ടെ.